
1



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണിക്കൃഷ്ണൻ

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

# ചട്ടമ്പിസ്വാമിപഠനങ്ങൾ

വാല്യം 1

എഡിറ്റർ
ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ

ഡി സി ബുക്സ്
പി.കെ. പരമേശ്വരൻ നായർ സ്മാരകട്രസ്റ്റ്

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

Volume 1

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

നർമം 677
ഡോ. രാജു വള്ളികുന്നം

കത്തുകൾ: പാഠവും പഠനവും 687
രതീഷ് നാരായണൻ

ചട്ടമ്പിസ്വാമികൾ, എന്താ മനുഷ്യനാണോ? 742
അഡ്വ. ഫിലിപ്പ് എം പ്രസാദ്


## 5. ജ്ഞാനവിനിമയവിജ്ഞാനീയം


നിജാനന്ദവിലാസം 749
ഡോ. എസ് ശോഭന

നിജാനന്ദവിലാസം : ആഴവും പരപ്പും 797
ആചാര്യ ജി ആനന്ദരാജ്

ദേവാർച്ചാപദ്ധതിയുടെ ഉപോദ്ഘാതം 817
ഡോ. പി വി വിശ്വനാഥൻനമ്പൂതിരി

ദേവാർച്ചാദർശനം 820
ഡോ. ആർ അശ്വതി

ശ്രീചക്രപൂജാകല്പം : ഉള്ളടക്കവും സമീപനവും 832
ഡോ. എം വി നടേശൻ

ശ്രീവിദ്യയും ശ്രീചക്രവും 842
ഡോ. ബി എസ് ഹരിശങ്കർ

ശ്രീവിദ്യാസമ്പ്രദായം 848
ഡോ. വിജയരാഘവൻ

ദേവീമാനസപൂജാസ്തോത്രം 858
ഡോ. എം ജയപ്രദീപ്

ജീവകാരുണ്യനിരൂപണം - അഹിംസാമാനിഫെസ്റ്റോ 897
ഡോ. എം ശ്രീനാഥൻ

ശിശുഭാഷാസങ്കല്പം 905
ഡോ. ബി വി ശശികുമാർ

മോക്ഷപ്രദീപഖണ്ഡനം 914
മോഹൻ വാസുദേവൻ

സമാധ്യനുഭവദർശനം 920
ആചാര്യ ഗോപാലകൃഷ്ണവൈദിക്

# നിജാനന്ദവിലാസം: ആഴവും പരപ്പും

**ആചാര്യ ജി ആനന്ദരാജ്**

ആത്മബോധത്തിൽനിന്നുണരുന്ന സമത്വനയത്തിന്റെയും കർമവിവേകത്തിന്റെയും ഫലമാണ് സമുദായങ്ങൾക്കൊറ്റയ്ക്കും സമാജത്തിനാകെയും കൈവരുന്ന വികാസവിസ്താരങ്ങൾ. ആ ആത്മബോധം ഊർന്നൊഴുകിപ്പരക്കുന്നത് ആൾക്കൂട്ടങ്ങളിൽനിന്നല്ല, സനാതനധർമബോധം സിദ്ധിച്ച ചുരുക്കം വ്യക്തികളിൽനിന്നുതന്നെ. ജ്ഞാനകർമസാമർഥ്യങ്ങൾ തികച്ചും വേണ്ട ഉദ്ദേശ്യത്തിനൊത്ത് ഉണർന്നുയരുന്ന ഒരു സമാജമായി ആധുനികകേരളജനതയെ ചേർത്തുനിർത്തുന്നതിൽ അയ്യപ്പനെന്ന ചട്ടമ്പിസ്വാമികളാണ് ആദിനിമിത്തമായത്. പല ജ്ഞാനപാരമ്പര്യങ്ങളുടെയും ഉള്ളറിഞ്ഞ ആ തപശ്ശക്തിയുടെ കാരുണ്യമെത്താതിരുന്നെങ്കിൽ ചരിത്രപരമായ ദുർവിധിയിൽ നാടൊഴിഞ്ഞ ആൾക്കൂട്ടമായേനേ കേരളത്തിലെ തനതു ജനതകൾ. സാമൂഹികനീതി, സ്ത്രീ-പുരുഷസമന്വയം, ജ്ഞാനവിജ്ഞാനവിതരണം, യോഗവേദാന്തങ്ങളുടെ ലളിതോന്നതജീവനം ഇങ്ങനെ പല തട്ടിൽ നാമെല്ലാം താലോലിക്കുന്ന ആശയാദർശങ്ങളെ അദ്ദേഹത്തിന്റെ ജീവിതവും കൃതികളും നന്നേ വെളിവാക്കി. അങ്ങനെയെല്ലാം പ്രിയമുള്ള ചട്ടമ്പി 'ശിവമയ'മായി ചെയ്ത രചനാവ്യാപാരത്തിലെ ഐതിഹാസികപ്രാധാന്യമുള്ള ഒരേടാണ് തമിഴിലെ ശാസ്ത്രഗ്രന്ഥമായ നിജാനന്ദവിലാസത്തിന്റെ ഭാഗികപരിഭാഷ. നവോത്ഥാനനായകനെന്ന നിലയിൽ സ്വാമികൾക്കുണ്ടായിരുന്ന കാഴ്ച്ചപ്പാടിനെ കൂടുതൽ വെളിവാക്കുന്നതോടൊപ്പം ശങ്കരാചാര്യപൈതൃകമുള്ള മലയാളിയുടെ ധൈഷണികജീവിതത്തിൽ അധ്യാത്മസപര്യ എങ്ങനെയായിരിക്കണം എന്നതിനു മാർഗദീപവുമാകുന്നു ഈ കൃതി. ശാസ്ത്രഗണത്തിൽ വരുന്ന ഈ രചനയുടെ പുറവും അകവും രണ്ടുഭാഗങ്ങളിലായി പരിചയപ്പെടുത്തുന്നു ഈ ലേഖനം.

"ഈ പുറക്കരണങ്ങൾക്കു പ്രത്യക്ഷപ്പെട്ട വിഷയങ്ങൾ അതതു നാമരൂപങ്ങളോടും കൂടി വിഷയപ്പെടാതെ, അപ്രകാരമേ അകക്കരണമാകുന്ന വിക്ഷേപശക്തിക്കും തനിക്കുള്ള പ്രകാരം വ്യവഹാരത്തിൽ സിദ്ധിച്ച ലക്ഷണത്താൽ ആ വിഷയങ്ങൾ വിഷയപ്പെടുകയില്ല" –നിജാനന്ദവിലാസം -മനോനാശനിരൂപണം.

## ഭാഗം ഒന്ന്: പുറംപൊരുൾ

ആയില്യംതിരുനാളിന്റെ വാഴ്ച്ചയുടെ (1860-80) അന്തിമചരണത്തിൽ ചട്ടമ്പിസ്വാമികളുടെ ശിക്ഷാഗുരുവായ പേട്ടയിൽ രാമൻപിള്ള ആശാൻ ജ്ഞാനപ്രജാഗരസഭ സ്ഥാപിച്ചു. യോഗം, വേദാന്തം, ശൈവസിദ്ധാന്തം തുടങ്ങിയ വിഷയങ്ങൾക്ക് അത് ഒന്നാംതരം സംവാദസഭയായിരുന്നു. സഭാ

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

സംഗമങ്ങൾ അദ്ദേഹത്തിന്റെ ജ്ഞാനതൃഷ്ണയെ വികസ്വരമാക്കി. ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെയും (1823-87) സുബ്ബജടാപാഠികളുടെയും അന്തേവാസിത്വം അദ്ദേഹത്തെ സംസ്കൃത-വൈദികവാങ്മയങ്ങളിൽ നിഷ്ണാതനാക്കി. സ്വാമിനാഥദേശികൻ തമിഴ്വ്യാകരണം മുതലായ വിജ്ഞാനശാഖകളിലും സുന്ദരനാർ എന്ന റാവുബഹാദൂർ മനോന്മണീയം പെരുമാൾ സുന്ദരംപിള്ള (1855-97) ശൈവസിദ്ധാന്തത്തിലും മറ്റും സ്വാമികൾക്കു മികച്ച അടിത്തറയുണ്ടാക്കി. തമിഴ്നാടിന്റെ ഔദ്യോഗികഗാനമായി മാറിയ 'തമിഴ്ത്തായ് വാഴ്ത്തി'ന്റെ രചയിതാവെന്ന നിലയിൽ ജനകീയനായ സുന്ദരനാർ ആലപ്പുഴയിൽ ജനിച്ചു, നവശൈവമതത്തിന്റെ സമാരംഭകരിലൊരാളായി വളർന്നുയർന്നു. ജ്ഞാനപ്രജാഗരത്തിലെ സജീവസാന്നിധ്യമായിരുന്ന അദ്ദേഹമാണ് 1885-ൽ തൈക്കാട്ട് അയ്യാവിനോടൊത്ത് ശൈവപ്രകാശസഭ സ്ഥാപിച്ചത്. ഇദ്ദേഹമാണത്രേ ശൈവസിദ്ധാന്തം സ്വാമിവിവേകാനന്ദനു വിശദീകരിച്ചത്.

താണ്ഡവരായരുടെ കൈവല്യനവനീതം, കണ്ണുടയ വള്ളലാരുടെ ഒഴിവിലൊടുക്കം എന്നിവയായിരുന്നു അന്ന് അധ്യയനത്തിന് വ്യാപകമായി ഉപയോഗിച്ചിരുന്ന തമിഴ്ഗ്രന്ഥങ്ങൾ. ശ്രീസുന്ദരസ്വാമികളെ അവതരിപ്പിച്ചുകൊണ്ടു സുന്ദരംപിള്ളയാണു നിജാനന്ദവിലാസം പ്രസിദ്ധപ്പെടുത്തിയത് (1879). സമ്പാദകന്റെ പേരിനൊപ്പം 'തിരുവനന്തപുരം കോളേജിലെ തർക്കശാസ്ത്രപണ്ഡിതൻ' എന്ന വിശേഷണവും 'ചിവമയം' എന്ന മുദ്രയും ആ ഗ്രന്ഥത്തിലുണ്ട്. ഈ മൂന്നുകൃതികളും പിന്നീടു കേരളത്തിലെ സംന്യാസിപരമ്പരയുടെ ശിക്ഷണവഴിയിൽ ഉൾച്ചേരുന്നതു കാണാം. ആദ്യത്തെ രണ്ടുകൃതികൾ കണ്ഠസ്ഥമാക്കി ഉപദേശിച്ചും ഒടുവിലത്തെ രണ്ടുകൃതികൾക്കു മലയാളത്തിൽ പരിഭാഷ ചമച്ചും ചട്ടമ്പിസ്വാമികൾ തന്നെയാണ് അതിനു നിമിത്തമായത്. ഒഴിവിലൊടുക്കം പദ്യത്തിൽ ഭാഷയാക്കിയും (അപൂർണം) തേവാരപ്പതികങ്ങൾ എഴുതിയും ശ്രീനാരായണഗുരുദേവൻ ആ പ്രസ്ഥാനത്തെ വളർത്തി. പത്തൊൻപതുശ്ലോകങ്ങളിൽ ആശയാദേശം ചെയ്തുകൊണ്ടു മഹാകവി കുമാരനാശാൻ നിജാനന്ദവിലാസം സംഗ്രഹിച്ചരുളി. നിത്യചൈതന്യയതി ചട്ടമ്പിസ്വാമികളുടെ പരിഭാഷയ്ക്കു ലളിതവിസ്താരമെന്ന വ്യാഖ്യാനവും ചെയ്തു.

ഇവയിൽ കൈവല്യനവനീതം ദ്രവിഡാചാര്യരുടെയും മറ്റും തമിഴ്വേദാന്തത്തെയും ഒഴിവിലൊടുക്കം തിരുജ്ഞാനസംബന്ധരുടെയും മറ്റും ശൈവസിദ്ധാന്തപദ്ധതിയെയും പ്രതിനിധാനം ചെയ്യുന്നു. മൂന്നാമത്തേതായ നിജാനന്ദവിലാസം ഈ രണ്ടുപദ്ധതികളുടെയും സമന്വയധാരയോടു ചേർന്നാണു വരുന്നത്. സുന്ദരസ്വാമികൾക്കും മുൻപു തിരുമൂലരുടെ പരമ്പരയിലെത്തി 'വേദാന്ത-സിദ്ധാന്തസമരസപ്പൊരുൾ' എന്നുരച്ചു വേദാരണ്യം തായുമാനവസ്വാമികൾ (1705–1744) പാടിയുറപ്പിച്ചതും ആ ധാരയെത്തന്നെ. അതുപോലെ, സമരസ-ശുദ്ധ-സന്മാർഗ-സത്യസംഘം രൂപപ്പെടുത്തിയ ചിദംബരം രാമലിംഗവള്ളലാർ (1823-74) സുന്ദരസ്വാമികളുടെ മുതിർന്ന സമകാലികനും പരിചയക്കാരനുമായിരുന്നു.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

## വേദവഴിയും ആഗമവഴിയും

വേദവിധികളുടെ കാർക്കശ്യത്തോടും കർമ-ഉപാസന-ജ്ഞാനകാണ്ഡങ്ങളുടെ മഹാവിസ്താരത്തോടും കൂടിയ വൈദികമതം ഏതാണ്ടു സാമാന്യശതകം ഏഴുവരെ ഭാരതത്തിലാകെ പ്രബലമായിരുന്നു. ശേഷം, വൈദികയജ്ഞപാരമ്പര്യത്തിൽനിന്നു തന്ത്രം രൂപപ്പെട്ടതുപോലെ വൈദികജ്ഞാനോപാസനാപാരമ്പര്യങ്ങളിൽനിന്നും ആഗമങ്ങളും രൂപപ്പെട്ടു. അവയിൽ മിക്കതിനും നിഗമസ്ഥാനത്ത് ഉപനിഷത്തുകൾ നിലകൊണ്ടു. പില്ക്കാലത്ത് ഉപനിഷത്തുകൾ എണ്ണത്തിൽ പെരുകിയതു ശൈവാദി ആഗമങ്ങളുടെ പേരിലായിരുന്നതോർക്കണം. സ്വകീയമായ സാർവത്രികതയും സാർവജനീനതയും കാലപരിണാമത്തിൽ കൈവിട്ടു ദേശകാലസാഹചര്യഭേദങ്ങൾക്കൊത്തു രൂപം മാറിയ വേദമതം തന്നെയാണു ശൈവാദി-ആഗമപ്രസ്ഥാനം. മൂലസിദ്ധാന്തവും പദാവലിയും കാലികവിവക്ഷകളിൽ പുതുക്കപ്പെട്ടുന്നു എന്നു മാത്രം. സനാതനമായ വേദമതത്തിന്റെ ജനകീയരൂപത്തിനുണ്ടായ പ്രസ്തുതരൂപമാറ്റത്തിനു മിക്കപ്പോഴും നിമിത്തമായതു ബൗദ്ധജൈനാദിസമ്പ്രദായങ്ങളുടെ ഉരസൽ തന്നെയാണ്.

ഈ വിഷയം – മറയും മുറയും തമ്മിലുള്ള അന്തസ്സംബന്ധം – തമിഴ ശൈവസിദ്ധാന്തത്തിന്റെ 'തിരുമുറകൾ' തീർത്ത തിരുമൂലരും സുന്ദരരുമൊക്കെ (8-9 ശതകം) നന്നായി ഇങ്ങനെ പറഞ്ഞുതന്നിട്ടുണ്ട് — "വേദങ്ങളും ആഗമങ്ങളും ഈശ്വരീയപരമ്പരയിൽത്തന്നെ വന്നവയാണ്; രണ്ടും സത്യങ്ങൾ. ആദ്യത്തേതു സിദ്ധാന്തത്തിന്റെ സാമാന്യതലവും രണ്ടാമത്തേതു വിശേഷതലവും എന്നതാണ് ഇവയുടെ വ്യത്യാസം. അവയുടെ പഠനവും അങ്ങനെയാവണം. അന്വേഷണത്തിൽ, അവ രണ്ടും രണ്ടു തട്ടിലുള്ള നിഗമനങ്ങൾക്കു വഴിയിടാം; മികച്ച മനസ്സുകൾക്ക് അവ അഭിന്നമെന്നേ തിരിയൂ." സമാനമായ ചിന്തയാണു ശ്രീകണ്ഠശിവാചാര്യന്റെ ബ്രഹ്മസൂത്രഭാഷ്യവും നല്കുന്നത് (11 ശതകം).

## തിരുനെൽവേലി കോടകനല്ലൂർ സുന്ദരസ്വാമികൾ (1831–1878)

വൈദികവിജ്ഞാനശാഖകൾ മിക്കതിലും വ്യക്തിമുദ്രപതിപ്പിച്ച മഹായോഗി ശ്രീമദ് അപ്പയ്യദീക്ഷിതർ (1520-92) ബ്രഹ്മസൂത്രത്തിനു വേദാന്തകല്പതരുപരിമളവും ശിവാർക്കമണിദീപികയും എഴുതി ക്രമത്തിൽ ശ്രീശങ്കരനെയും ശ്രീകണ്ഠനെയും സമന്വയിപ്പിച്ചു. 'ശ്രൗതശൈവം' എന്നാണു ദീക്ഷിതരുടെ മാർഗത്തിനു നല്കിക്കാണുന്ന നാമം. വേദാന്തവും (തമിഴ് ശൈവ-) സിദ്ധാന്തവും ഇനി പിരിയാത്തവണ്ണം ഇണക്കിയ അപ്പയ്യദീക്ഷിതരുടെ കുലവഴിയിൽ (ശ്രീവത്സഗോത്രത്തിൽ) ആണു സുന്ദരസ്വാമികൾ വരുന്നത്. അദ്ദേഹം യജ്ഞേശ്വരശാസ്ത്രികളുടെയും കാമാക്ഷിയമ്മാളുടെയും മകനും പട്ടമടൈ കൃഷ്ണ ഘനപാഠികൾ, വീരവനല്ലൂർ സോമസുന്ദരശാസ്ത്രികൾ തുടങ്ങിയവരുടെ ശിഷ്യനുമായിരുന്നു. അദ്ദേഹം സുന്ദരംപിള്ളയ്ക്കു ഗുരുവും സുഹൃത്തുമായിരുന്നു. സുന്ദരംപിള്ളയെ 'തമിഴ്ഷേക്സ്പിയർ' ആക്കി വാഴിച്ച മനോന്മണീയം നാടകം (1891) സുന്ദരസ്വാമികളെ മാതൃകയാക്കി



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

രചിച്ചതാണെന്നറിയുന്നു. മുൻപ് പറഞ്ഞതുപോലെ, സുന്ദരസ്വാമികളുടെ മരണശേഷം 1879-ൽ തിരുനെൽവേലിയിൽനിന്നു സുന്ദരംപിള്ളയാണ് തമിഴ്-നിജാനന്ദവിലാസം പ്രസിദ്ധപ്പെടുത്തിയത്. ചട്ടമ്പിസ്വാമികളും സുന്ദരംപിള്ളയും തമ്മിലുള്ള ഗാഢബന്ധം വഴിയാകണം നിജാനന്ദവിലാസവുമായി സ്വാമികൾ പരിചയപ്പെടുന്നതും വേദാന്ത-സിദ്ധാന്തസമരസകൃതിയെന്ന മൂല്യത്തിൽ അതു പരിഭാഷ ചെയ്യുന്നതും. മുതിർന്നവയസ്സിൽ കല്ലടക്കുറിച്ചിയിൽ ഗുരൂപസത്തി ചെയ്ത സ്വാമികൾക്ക് അവിടെനിന്നു തിരുനെൽവേലി പാതയിൽ ഇരുപതുകിലോമീറ്റർ മാത്രം ദൂരമുള്ള കോടകനല്ലൂരിലെ പ്രസിദ്ധയോഗിയെ ശ്രദ്ധിക്കാൻ നേരിട്ടും വഴിയുണ്ടു തന്നെ.

### ഭാഗം രണ്ട്: അകംപൊരുൾ

ശ്രീശങ്കരനെത്തുടർന്നു സംസ്കൃതത്തിലും ഇതരഭാഷകളിലും ആത്മവിദ്യയെ അധികരിച്ചുണ്ടായ രചനകൾക്ക് എണ്ണമില്ല. മുമുക്ഷു മോക്ഷത്തിലെത്തുന്ന സാധനാനുഭവങ്ങളുടെ ക്രമമാണ് ഗുരുശിഷ്യസംവാദരൂപത്തിൽ നിജാനന്ദവിലാസം വെളിവാക്കുന്നത്. ഈ പദ്ധതിയിൽ സംസ്കൃതവാങ്മയത്തിൽ അനേകംഗ്രന്ഥങ്ങളുണ്ട്. മേല്ക്കുമേൽ സാധകന്റെ അനുഭവങ്ങൾ വിവരിച്ചു സന്ദേഹനിവൃത്തി വരുത്തുന്നവയ്ക്ക് അദ്വൈതവേദാന്തപദ്ധതിയിൽ 'സിദ്ധിഗ്രന്ഥ'ങ്ങൾ എന്നാണ് പേര്. ബ്രഹ്മസിദ്ധി (മണ്ഡനമിശ്രൻ, 650-725), നൈഷ്കർമ്യസിദ്ധി (സുരേശ്വരാചാര്യർ, 655-735), ഇഷ്ടസിദ്ധി (വിമുക്താത്മൻ, 850-925), ജ്ഞാനസിദ്ധി (ജ്ഞാനോത്തമൻ, 1120-1180; കൃതി ലഭ്യമല്ല), അദ്വൈതസിദ്ധി (മധുസൂദനസരസ്വതി, 1530-1630) ഇവയൊക്കെയാണ് സമ്പ്രദായത്തിലെ മൂലഗ്രന്ഥങ്ങൾ. ശ്രീശങ്കരൻ (620-670) രചിച്ചവെന്നു പറയപ്പെടുന്ന ഉപദേശസാഹസ്രി, ശേഷൻ (12-ാം ശതകം) ചെയ്ത പരമാർഥസാരം, മാധവാചാര്യർ (1300-90) രചിച്ച പഞ്ചദശി, ജീവന്മുക്തിവിവേകം, ഭാരതീതീർഥർ (1333-75) എഴുതിയ ദൃഗ്-ദൃശ്യവിവേകം എന്നിവയെയും ഇവിടെ ഉദാഹരിക്കാം.

### കൈരളിയിലെ ചില നിജാനന്ദപ്രകരണങ്ങൾ

ഇവയുടെ വഴിയിൽ മലയാളത്തിലും ധാരാളം രചനകളുണ്ടായി. ഉദാഹരണത്തിന്, കേരളവർമരാമായണത്തിന്റെ കർത്താവും തിരുവിതാംകൂർ ഇളയരാജാവുമായിരുന്ന കേരളവർമ്മത്തമ്പുരാൻ (ഉദ്ദേശം 1679-1696 രാജ്യകാലം) വൈരാഗ്യചന്ദ്രോദയം എന്ന സാധനാഗ്രന്ഥത്തിനു പുറമെ മോക്ഷദായകപ്രകരണം, മോക്ഷസിദ്ധിപ്രകരണം എന്നിങ്ങനെ രണ്ടുപ്രകരണങ്ങൾ കൂടി പരസ്പരപൂരകങ്ങളായി കിളിപ്പാട്ടുരീതിയിൽ ചെയ്തിട്ടുണ്ട്. അവിഷയമായ നിജാനന്ദത്തെ മോക്ഷസിദ്ധിപ്രകരണത്തിൽ ഇങ്ങനെ മനോഹരമായി വിഷയമാക്കുന്നു –

"... 'ഇന്നു നിൻ ഭർത്തൃസൗഖ്യമെന്നോടു പറയണം'
എന്നു കേട്ടവളൊട്ടു നാണിച്ചു വിചാരിച്ചു
'ചൊല്ലിടാനരുതമ്മേയറിഞ്ഞോ'നെന്നാളവൾ.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

എന്നതുപോലെ നിജാനന്ദമാമനുഭവം
ചൊന്നീടാനരുതാർക്കും ശ്രുതികളും മതമല്ലോ."

കെ രാമകൃഷ്ണപിള്ള പ്രസാധനം ചെയ്ത വേദാന്തസാരം കിളിപ്പാട്ട് എന്ന ഗ്രന്ഥം പത്തുസർഗങ്ങളുള്ളതാണ്; നിജാനന്ദാനുഭൂതിയാണ് ഒടുവിലത്തെ സർഗം. മണിപ്രവാളശൈലിയിലുള്ള 'ജ്ഞാനോപദേശം', ഗുരുശിഷ്യസംവാദശൈലിയിലുള്ള 'വിജ്ഞാനരത്നം' എന്നിങ്ങനെ നീളുന്ന കൈരളിയിലെ ഏതദ്വിഷയകങ്ങളായ വേദാന്തപ്രകരണഗ്രന്ഥങ്ങൾ. പ്രസ്ഥാനഭേദങ്ങളുടെ കാതലറിയാനും സിദ്ധാന്തപക്ഷത്തിനു കാലകാലം വരുന്ന പരിഷ്കാരമറിയാനും ഇത്തരം രചനകൾ പരിചയിച്ചേ മതിയാകൂ.

## വിലാസമെന്ന കാവ്യശാഖ

കഴിഞ്ഞനൂറ്റാണ്ടിന്റെ തുടക്കത്തിൽ പരക്കെ പ്രത്യക്ഷപ്പെട്ട വിലാപകാവ്യങ്ങൾക്കു മുൻപായി വിലാസകാവ്യങ്ങളുടെ ഒരു ഘോഷയാത്ര തന്നെയുണ്ടായി, സംസ്കൃതത്തിലും പ്രാദേശികഭാഷകളിലും. വിലാസം വാസ്തവത്തിൽ ശൃംഗാരത്തെയോ ശാന്തത്തെയോ ഉപജീവിച്ചുകൊണ്ടുള്ള പ്രത്യേകകാവ്യശാഖതന്നെയാണ്; അമ്മട്ടിൽ അവയെപ്പറ്റി പഠിച്ചിട്ടില്ലെങ്കിലും. വേദാന്തമഹിമയെ വാഴ്ത്തുന്ന ജഗന്നാഥന്റെ 'ജ്ഞാനവിലാസം' സംസ്കൃതത്തിൽനിന്ന് ഒരുദാഹരണമാണ്.

ആത്മവിദ്യാപ്രകരണങ്ങളുടെയും വിലാസകാവ്യങ്ങളുടെയും ഈ നീണ്ടനിരയിലാണു നിജാനന്ദവിലാസം വന്നുചേർന്നത്. നിജാനന്ദവിലാസത്തിന്റെ ഭാവഗതിയോടും ഭാവനാപദ്ധതിയോടും ചട്ടമ്പിസ്വാമികൾക്കുള്ള ഇണക്കം നാം പ്രത്യേകം ശ്രദ്ധിക്കണം. മലയാളത്തിൽ മാത്രമല്ല, സംസ്കൃതത്തിലേക്കും ആ കൃതിയെ പരിഭാഷപ്പെടുത്താൻ അദ്ദേഹം തുനിഞ്ഞു. ഉദാഹരണത്തിന് –

"സുന്ദരജലധരഗളിതം സുരപാദവത് സമസ്തമംഗളദം
സുജനാനന്ദവിലാസം സലിലം തനുതേ സുഖം മുമുക്ഷൂണാം"

ഈ പരിഭാഷാസമാരംഭത്തെപ്പറ്റി കൂടുതലൊന്നും അറിയാനാകുന്നില്ല. കേരളീയയുവജനമിത്രത്തിൽ പ്രസിദ്ധീകരിച്ചുവന്ന ശ്രദ്ധേയമായ ഒരു സ്വതന്ത്രതർജമയും ഈ കൃതിക്കുണ്ട്. താഴെ, എട്ടാം പ്രകരണത്തെപ്പറ്റിപ്പറയുന്ന ഭാഗം കാണുക.

## തമിഴുനിജാനന്ദവിലാസം

1. അവസ്ഥാത്രയശോധനസമ്പ്രദായനിരൂപണം
2. ഗുണാധിക്യജന്യാരോപസൂക്ഷ്മനിരൂപണം
3. പരമേശജീവജഗദ്വിശേഷനിരൂപണം
4. മായാലക്ഷണനിരൂപണം
5. സദനുഭവനിരൂപണം
6. ചിദനുഭവനിരൂപണം
7. ആനന്ദാനുഭവനിരൂപണം



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

8. മനോനാശമാർഗനിരൂപണം
   i. ദേഹത്രയാദ്ധ്യാസനിവൃത്തി
   ii. ആവരണവിക്ഷേപനിവൃത്തി
9. വേദാഗമസമ്പ്രദായനിരൂപണം
10. മതസങ്കേതനിരൂപണം
   i. ന്യായം
   ii. വ്യാകരണം
   iii. പൂർവമീമാംസ
   iv. നിരീശ്വരസാംഖ്യം
   v. സേശ്വരസാംഖ്യം
   vi. ബൗദ്ധമതം
   vii. സഹജമതം
11. ഉപാസ്തിനിരൂപണം-:
   i. നരസിംഹോപാസ്തി
   ii. രാമചന്ദ്രോപാസ്തി
   iii. സുബ്രഹ്മണ്യോപാസ്തി
12. പ്രണവാനുഭൂതിനിരൂപണം
   i. ജ്ഞാനമാർഗം
   ii. യോഗമാർഗം
13. പസ്പ(ഭസ്മ?)മഹിമാനിരൂപണം

ഇങ്ങനെ പതിമൂന്നു നിരൂപണങ്ങളും പതിനാല് ഉപനിരൂപണങ്ങളും ചേർന്നതാണു മുന്നൂറുപുറത്തിൽ അച്ചടിച്ചുവന്ന സുന്ദരസ്വാമികളുടെ മൂലഗ്രന്ഥം. അതിലെ നൂറുപുറത്തിനടുത്തു വരുന്ന ആദ്യത്തെ എട്ടുനിരൂപണങ്ങൾ ഒൻപതു പ്രകരണങ്ങളായാണു ചട്ടമ്പിസ്വാമികളുടെ വിവർത്തനം അച്ചടിച്ചുവന്നിട്ടുള്ളത്. മലയാളത്തിൽ അച്ചടിച്ചുകണ്ട പാഠങ്ങളിൽ ദേഹത്രയാദ്ധ്യാസനിവൃത്തി എന്ന ശീർഷകം കാണുന്നില്ല. ആവരണവിക്ഷേപനിവൃത്തി പ്രത്യേകം ഒരു പ്രകരണമായി നല്കിയും കാണുന്നു. മൂലഗ്രന്ഥവും പരിഭാഷയും അനുസരിച്ച് ഇതു തെറ്റാണ്. രണ്ടിടത്തും എട്ടാമത്തെ പ്രകരണമായ മനോനാശമാർഗത്തിന്റെ ഉപപ്രകരണങ്ങളാണു ദേഹത്രയാദ്ധ്യാസനിവൃത്തിയും ആവരണവിക്ഷേപനിവൃത്തിയും. അതുപോലെതന്നെ, വിക്ഷേപം കഴിഞ്ഞ് ആവരണം എന്നതാണ് ഉള്ളടക്കമനുസരിച്ചുള്ള ക്രമം. അതുകൊണ്ട്, വിക്ഷേപാവരണനിവൃത്തിപ്രകരണം എന്നാവണം പേര്.

ആദ്യത്തെ ഈ എട്ടുനിരൂപണങ്ങളടങ്ങിയ പൂർവഭാഗത്തു മോക്ഷസാധന-സിദ്ധികളാണു വിഷയം. എന്നുവച്ചാൽ, വേദാന്തത്തിന്റെ സാമ്പ്രദായികോപദേശം മാത്രം. ശേഷമുള്ളത് (ഉത്തരഭാഗമെന്നു പറയാം) വിഭിന്നശാസ്ത്രങ്ങളുടെയും സമ്പ്രദായങ്ങളുടെയും തുലനാത്മകവിവേചനമാണ്. ആകെ ഗ്രന്ഥത്തിന്റെ ഏതാണ്ടു മൂന്നിൽരണ്ടും അതാണ്. ദർശനപഠിതാവിന് ആ ഭാഗങ്ങൾ ശ്രദ്ധേയം തന്നെ. പരപക്ഷവിവേചന-നിരാസങ്ങളിലൂടെ സ്വപ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

ക്ഷസമർഥനം ചെയ്യുന്ന പദ്ധതി ഏതാണ്ട് എല്ലാ സമ്പ്രദായങ്ങൾക്കും പൊതുരീതിയാണ്, വിശേഷിച്ചും ഏഴാംശതകത്തിനു ശേഷം.

## നിജാനന്ദവിലാസം വിവാദത്തിൽ

വടക്കുംകൂർ, ഉള്ളൂർ തുടങ്ങിയ പ്രാമാണികരുടെ സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ നിജാനന്ദവിലാസത്തെപ്പറ്റി പരാമർശിച്ചുകാണുന്നില്ല. നിജാനന്ദവിലാസം വിഷയമാക്കി തെക്കുംഭാഗം മോഹനനും കാനം ശങ്കരപ്പിള്ളയുമായി അടുത്തകാലത്ത് വാദപ്രതിവാദമുണ്ടായി. ചട്ടമ്പിസ്വാമികളുടെ തമിഴ്ബന്ധമുള്ള മിക്കകൃതികളുടെയും ഉടമസ്ഥത സുന്ദരംപിള്ളയ്ക്കു നല്കുന്നതാണു കാനത്തിനു പ്രിയം. 'ചട്ടമ്പിക്കും നാണുവിനും കൊടുന്തമിഴറിയില്ല' എന്നതാണു കാനത്തിന്റെ ഗവേഷണഫലം. തമിഴിനോടും (കൊടുന്തമിഴിനോടു തന്നെയും) തമിഴ്ജ്ഞാനപാരമ്പര്യത്തോടും ചട്ടമ്പിസ്വാമികൾക്കുള്ള നേർബന്ധം, കുറഞ്ഞപക്ഷം, ഏതാണ്ടു പതിനാറാം വയസ്സിൽ അമ്മാവൻ കൃഷ്ണപിള്ളയ്ക്കൊപ്പം ഭൂതപ്പാണ്ടിയിൽ താമസിക്കുന്ന കാലം മുതലുള്ളതാണ്. അതു തൈക്കാട്ടയ്യാ (1813-1909) സ്വാമികളിലൂടെയും മറ്റും ദൃഢപ്പെട്ടു. ഏതാണ്ടു 1886-1924 കാലയളവിൽ തിരുവിതാംകൂർ മഹാരാജാസ് കോളേജിൽ തമിഴു പ്രൊഫസറായിരുന്ന സ്വാമിനാഥദേശികനിൽ നിന്നാണു തമിഴിന്റെ ഉപരിപാഠങ്ങൾ ചട്ടമ്പിസ്വാമികൾ അഭ്യസിച്ചത്. ദേശികൻ 'ഇലക്കണവിളക്ക്'ത്തിന്റെ രചയിതാവും ശൈവസമയാചാര്യന്മാരുടെ രചനകളിൽ പരിനിഷ്ഠിതനുമായിരുന്നു. ശ്രീദേശികനും തിരുവനന്തപുരത്തെ സഭകളിൽ പ്രസംഗിച്ചിരുന്നു. അക്കാലത്തുതന്നെയാണു സുബ്ബജടാപാഠികളുടെ അന്തേവാസിയായി ചട്ടമ്പിസ്വാമികൾ ദീർഘകാലം കല്ലടക്കുറിച്ചിയിൽ താമസിച്ചുവന്നതും. അപ്പോൾ, സുന്ദരംപിള്ളയുടെ ക്ലാസ്സുനോട്ടുകൾ മാത്രമാണ് ക്രിസ്തുമതച്ഛേദനം, പ്രാചീനമലയാളം എന്നിവയ്ക്കൊപ്പം നിജാനന്ദവിലാസവും എന്നു നിഗമിക്കുന്ന ഗവേഷണത്തെ പ്രമാണകോടിയിൽ കാണാൻ തത്കാലം പറ്റില്ല. എന്തായാലും ഒരാളെ ഇകഴ്ത്തിയാലേ മറ്റൊരാളെ പ്രതിഷ്ഠിക്കാനാവൂ എന്നതു വലിയ ഗതികേടാണ്. വെറും നാല്പത്തിരണ്ടു വയസ്സിനുള്ളിൽ മികച്ച ഉപലബ്ധികളോടെ വമ്പിച്ച ജീവിതം നയിച്ച അദ്ഭുതകർമാവും മഹാപ്രതിഭനുമായിരുന്നു സുന്ദരംപിള്ള. 'ചട്ടമ്പിസ്വാമിയും പരമ്പരയും സുന്ദരംപിള്ളയെ തമസ്കരിച്ചു' എന്ന പരാതിയിൽ കഴമ്പില്ല. ചട്ടമ്പിസ്വാമിയുടെ വിജ്ഞാനസപര്യയിൽ സുന്ദരംപിള്ളയ്ക്കുള്ള തികഞ്ഞ പങ്കാളിത്തം അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ വേണ്ടപോലെ അടയാളപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരത്തു തമിഴുനിജാനന്ദവിലാസത്തെ പരിചയപ്പെടുത്തുന്നത് ആ ഗ്രന്ഥത്തിന്റെ പ്രകാശകൻ കൂടിയായ സുന്ദരംപിള്ള തന്നെയായിരിക്കണം. പക്ഷേ, നിജാനന്ദവിലാസംപരിഭാഷയിൽ സുന്ദരംപിള്ളയുടെ പങ്ക് കാനം പറയുന്ന പടി സ്വീകരിച്ചാൽ ചില കുഴപ്പങ്ങളുണ്ട്. സ്വാമികൾ എന്തുകൊണ്ടാണു കൃതിയുടെ പരിഭാഷ ഭാഗികമാക്കിയത്? നോട്ടു പകർന്ന സുന്ദരംപിള്ള എന്തേ പകുതിയേ പഠിപ്പിച്ചിരുന്നുള്ളൂ? ഇന്നു പരിഭാഷയിൽ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

കാണുന്ന പോലെ, രണ്ടിൽ ആദ്യപകുതി തന്നെയായിരിക്കുമോ സുന്ദരംപിള്ള പഠിപ്പിച്ചിരിക്കുക?

പൂർവമീമാംസ തുടങ്ങിയ വൈദികദർശനങ്ങളുടെയും ബൗദ്ധാദി സമ്പ്രദായങ്ങളുടെയും വിഭിന്ന ഉപാസനകളുടെയും മറ്റും വിവേചനംകൊണ്ടു സങ്കീർണമായ ഉത്തരഭാഗം പരിഭാഷയിൽ വിട്ടിരിക്കയാണ്. അതാകട്ടെ ഒരു സംസ്കൃതജ്ഞനേ വേണ്ടപോലെ ഗ്രഹിക്കാനാകൂ. ശുദ്ധതമിഴ്വാദത്തിന്റെയും നവശൈവമതത്തിന്റെയും പേരിൽ അറിയപ്പെടുന്ന സുന്ദരംപിള്ളയ്ക്ക് അതുകൊണ്ടുതന്നെ ആ വകയറിവില്ലെന്നു വന്നു കൂടും. പക്ഷേ, തമിഴിനൊപ്പം സംസ്കൃതവും ഗ്രഹിച്ചിരുന്ന ചട്ടമ്പിസ്വാമികൾക്ക് അത്തരമൊരു ന്യൂനത ശങ്കിക്കാനില്ല താനും. എന്നിട്ടും സ്വാമികൾ മുന്നിലൊരു ഭാഗമേ കൈക്കൊണ്ടുള്ളൂ. അതാവട്ടെ നിർവിവാദമായ ചില സൂചനകളിലേക്കു തന്നെ നമ്മെ നയിക്കുന്നു. ഖണ്ഡനസരണി സുതരാം വഴങ്ങുന്ന ചട്ടമ്പിസ്വാമികൾക്കു കേവലം ഒരു സമ്പ്രദായത്തിനു വേണ്ടി വ്യാപകമായ വേദമതത്തെ ബലികഴിക്കുന്നതിനോടു താത്പര്യമുണ്ടായിരുന്നില്ല. മൂലഗ്രന്ഥത്തിന്റെ ആദ്യത്തെ ശുദ്ധജ്ഞാനഭാഗത്തെക്കാൾ ശൈവസമ്പ്രദായാപേക്ഷയുള്ളതാണ് ഒടുവിലത്തെ വിവേചനഭാഗങ്ങൾ. ഈ ഉത്തരഭാഗത്തോടു തന്നെയാവണം സുന്ദരംപിള്ളയ്ക്കു കൂടുതൽ പ്രതിപത്തിയുണ്ടാവുക. എന്നുവച്ചാൽ, നിജാനന്ദവിലാസത്തെ അധികരിച്ചു സുന്ദരംപിള്ള ചെയ്തിരിക്കുമെന്ന് കാനം ഊഹിക്കുന്ന പ്രസംഗങ്ങൾക്കും തദ്വാരാ പ്രസ്തുതനോട്ടിനും പൂർവഭാഗമാവില്ല മിക്കവാറും വിഷയമായിരിക്കുക. കാരണം, സുന്ദരസ്വാമികളുടെ പിന്തുടർച്ച പറയുമ്പോഴും സ്വാമികളുടെ സമരസവഴിക്കല്ല, മറിച്ച്, ശൈവപ്രസ്ഥാനവാദിയായിട്ടാണല്ലോ സുന്ദരംപിള്ള പ്രസിദ്ധനായത്. തമിഴിനെയും തമിഴകത്തെയും നന്നേ അറിയുകയും അറിയിക്കുകയും ചെയ്ത ചട്ടമ്പിസ്വാമികൾക്കു പക്ഷേ സുന്ദരംപിള്ളയുടെയും മറ്റും തനിത്തമിഴ്വാദത്തോടോ കേവലശൈവവാദത്തോടോ മമതയില്ലായിരുന്നു എന്നു തെളിയുന്നു. ഉണ്ടായിരുന്നെങ്കിൽ, കേരളത്തിൽ ശൈവ-ദ്രാവിഡസിദ്ധാന്തങ്ങൾക്കു വലിയ വേരോട്ടവും ഇതര സമ്പ്രദായങ്ങൾക്കു വലിയ കോട്ടവും ഉണ്ടാക്കാവുന്ന ഒരു യത്നത്തിൽനിന്ന് തർക്കനിപുണൻ കൂടിയായ സ്വാമികൾ പിന്തിരിയുമായിരുന്നില്ല.

എങ്കിലും, ഒരു ശാസ്ത്രഗ്രന്ഥത്തിന്റെ ഭാഗികസ്വീകാരം വിശേഷകാരണമില്ലെങ്കിൽ ന്യായമാവില്ല. അതേ, ചട്ടമ്പിസ്വാമികൾ സ്വീകരിച്ച ഭാഗത്തിനാവട്ടെ അദ്ദേഹത്തിന്റെ ഗുരുചര്യയ്ക്കൊത്ത ഒരു സവിശേഷതയുണ്ടായിരുന്നു. ഡോ. എൻ ചന്ദ്രശേഖരൻനായർ നിജാനന്ദവിലാസത്തെ അവതരിപ്പിച്ചുകൊണ്ട് ഇങ്ങനെ കുറിക്കുന്നു – "അദ്വൈതചിന്താപദ്ധതി, വേദാധികാരനിരൂപണം എന്നീ കൃതികൾക്കു മേലേവരുന്ന, അനുഭവമാത്രസിദ്ധവും രഹസ്യപൂർണവുമായ തത്ത്വങ്ങളെ പ്രതിപാദിക്കുന്ന, ഒരു ഗ്രന്ഥം ചട്ടമ്പിസ്വാമികൾ തീർച്ചയായും എഴുതിയിട്ടുണ്ടാകണം എന്നു വിദ്വാന്മാർക്കും അധികാരികൾക്കും തോന്നിയിരുന്നു. ശ്രീനടരാജഗുരു അത്തരമൊരു ഗ്രന്ഥം കിട്ടാനിടയുണ്ടാകുമെന്നാശിച്ചു. ചട്ടമ്പിസ്വാമികളുടെ ഗൃഹസ്ഥശി



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

ഷ്യൻ ശ്രീ കമ്പളത്തു ശങ്കുപ്പിള്ള അതു കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തി വരുകയും ചെയ്തു. അങ്ങനെയിരിക്കെ സ്വാമികളുടെ ഒരു ശിഷ്യനായ ബാലാനന്ദസ്വാമി നിജാനന്ദവിലാസം എന്നൊരു കൃതിയുടെ കൈയെഴുത്തു പ്രതി വർക്കലയിൽ ഗുരു നിത്യചൈതന്യയതിക്കു സമർപ്പിച്ചു. പ്രൗഢവും ഗംഭീരവുമായ ആ രചനയിൽ വേദാധികാരനിരൂപണത്തിലെ താത്ത്വികവിശ്ലേഷണത്തെത്തുടർന്നുണ്ടാവുന്ന അനുഭവമെല്ലാം സഞ്ചയിച്ചിട്ടുണ്ട്... വ്യാസാദി ഋഷിമാർക്കുളവായ അന്തിമാനുഭവത്തിന്റെ ശബ്ദബദ്ധരൂപമാണ് ആ കൃതി..." എന്ന്.

പരിഭാഷയിൽ സ്വാമികൾ സ്വീകരിച്ച നയത്തിന്റെ രഹസ്യം ഇപ്പറഞ്ഞതിലുണ്ട്. അനിർവചനീയഖ്യാതിയും മറ്റുമടങ്ങുന്ന ജ്ഞാനപദ്ധതിയുടെ (Epistemology) വിവരണം 'അദ്വൈതചിന്താപദ്ധതി'കൊണ്ടു സാധിക്കുന്നു. സമ്പ്രദായങ്ങളുടെ താരതമ്യവും ആചാരസംഹിതയുടെ ആപേക്ഷികമാനങ്ങളും ചേർന്ന ധർമസംഹിത(Ethics/Judgement) 'വേദാധികാരനിരൂപണ'ത്തിലുമടങ്ങുന്നു. ഇവ രണ്ടിനോടും ചേർന്നുവരുന്നത് ഉത്തരഭാഗമാണ്. അവശേഷിക്കുന്നതു സത്തയും തദനുഭവവും വിവൃതമാകുന്ന അസ്തിത്വശാസ്ത്രം (Ontology) ആണ്. അദ്വൈതചിന്താപദ്ധതിയിൽ താർക്കികമായി വിവരിച്ച വിഷയങ്ങളെ വിവേകഭാവനയിലൂടെ ക്രമത്തിൽ സിദ്ധമാക്കുന്ന സമ്പ്രദായമാണു നിജാനന്ദവിലാസത്തിന്റെ പൂർവഭാഗത്തുള്ളത്. ആ ഭാഗം മാത്രമാണു സ്വാമികൾ സ്വീകരിച്ചത്. ഉത്തരഭാഗം ചെയ്യുന്ന ധർമങ്ങൾ തന്റെ തന്നെ രണ്ടു കൃതികൾകൊണ്ടു സാധിക്കുന്നുണ്ടല്ലോ. ഇങ്ങനെ നോക്കുമ്പോൾ, നിജാനന്ദവിലാസത്തിനു പുറത്തറിയുന്നതല്ലാത്ത ഒരു മാനം തീർഥപാദപരമ്പരയിൽ ഉണ്ടെന്നറിയാനാകുന്നു. അത് അവഗണിച്ചതാണു വിവാദത്തിനു നിമിത്തമായത്.

കേട്ട പ്രസംഗം നോട്ടാക്കി വിറ്റ കണ്ടാളനല്ല നിജാനന്ദവിലാസത്തിന്റെ പരിഭാഷകൻ എന്നു ചുരുക്കം. കൊടുന്തമിഴിന്റെ രഹസ്യമറിയുന്നതായി പ്രതിജ്ഞ ചെയ്യുന്ന കാനം ശങ്കരപ്പിള്ള അപരകർതൃത്വമാരോപിച്ച ഭംഗ്യന്തരേണ സമർഥിക്കുന്നതു മറ്റൊന്നുമല്ല, ചട്ടമ്പിയുടെ വിവർത്തനം മികച്ചതാണെന്നു തന്നെയെന്നു സ്വാമിഭക്തർക്കു സമാധാനിക്കാം. "ചർവഞ്ഞ കരുണാമൂർത്തിയായും പരമകരുവായും വിളങ്കാകിന്റ എന്പിരാണ..." എന്ന തമിഴിന് "സർവ്വജ്ഞകരുണാമൂർത്തിയായും പരമഗുരുവായും പ്രകാശിക്കുന്ന പ്രാണനാഥ!" എന്നിങ്ങനെയാണു പരിഭാഷയുടെ ഗതി. അതിനൊപ്പം നമുക്കു നീങ്ങാം –സംസ്കൃതവാങ്മയവും തമിഴുമൊഴിയും ഊട്ടും പാവുമാകുന്ന ജ്ഞാനപരമ്പരയുടെ നിതാന്തോപാസകനായിരുന്നു ചട്ടമ്പിസ്വാമി എന്നു ഗ്രഹിച്ചുകൊണ്ട്.

### നിജാനന്ദവിലാസത്തിന്റെ പ്രമേയം

മറ്റെല്ലാ അനുഭവങ്ങളെയും നിസ്സാരമാക്കുന്ന, 'ആനന്ദം ബ്രഹ്മ' എന്നു ശ്രുതികൾ പഠിപ്പിക്കുന്ന, അസ്തിത്വത്തിന്റെ ആനന്ദാനുഭൂതിയിൽ ഒരു സാധകൻ 'ആവുന്ന'തെങ്ങനെ എന്ന സംശയങ്ങൾ തീർത്തു സമ്പ്രദായക്ര



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

മത്തിൽ വെളിവാക്കിത്തരുന്ന സിദ്ധോപദേശമാണ് നിജാനന്ദവിലാസം. അജ്ഞാനമയമായ ഭാവനയാണ് പ്രപഞ്ചാനുഭവമാകുന്നത്. ഗുരൂപദേശത്തിലൂടെ ഭാവനാജ്ഞാനമയമാകുമ്പോൾ പ്രപഞ്ചാനുഭവം മാറി ബ്രഹ്മാനുഭവമാകുന്നു എന്നതാണ് ഈ കൃതിയുടെ നിലപാട്. സാങ്കേതികപ്രയോഗങ്ങൾ കുറച്ചും ദൃഷ്ടാന്തങ്ങൾ കൂട്ടിയുമാണ് പൊതുവെ വിവരണം.

'ആവുക' (ആയിരിക്കുക) എന്നേ ജ്ഞാനത്തികവിൽ പറയാനുള്ളൂ. ആയിത്തീരലില്ല; കാരണം, ജ്ഞാനം വസ്തുവിനെ ഉണ്ടാക്കുകയോ മാറ്റിമറിക്കുകയോ ചെയ്യുന്നില്ല. വെളിപ്പെട്ട വസ്തുവാണ് ജ്ഞാനം, അഥവാ വസ്തുയാഥാർഥ്യം വെളിവാകലാണ് ജ്ഞാനം. ആനന്ദമാത്രവും ഏകവുമായ ശുദ്ധചൈതന്യബിംബത്തിൽ അജ്ഞാനഭാവനയാൽ ജഡം (ഭൂതാദിപഞ്ചകവും മറ്റും), അജഡം (ജീവാദികൾ) എന്നീ ഭേദം പ്രതിബിംബിക്കയാകുന്നു. ആത്മചൈതന്യത്തിൽ അജ്ഞാനഭാവനയെന്നോ? അതേ, ചൈതന്യത്തിന്റെ അനന്തവും അനിർവചനീയവുമായ അനുഭവക്ഷമതയാണ് ഭാവന. അത് ഇല്ലാത്തതിനെ, അനാത്മാവിനെ, കല്പിച്ചനുഭവിക്കുന്നിടത്തോളം വ്യാപനശീലമുള്ളതാണ്. ഈ വിപരീതഭാവന വിവേകഭാവനയ്ക്കുള്ള ഗുരൂപദേശം കൊണ്ട് അടങ്ങിപ്പോകുന്നതാണ് അദ്വൈതസിദ്ധി. അതേ ക്ഷണം തന്നെ, ഭാവനയുടെ വ്യാപനം അനാത്മാവില്ലാതെ ആത്മാവിൽ മാത്രമാവുന്നതു നിജാനന്ദാനുഭൂതിയും. ആനന്ദം നിജമാണ്; നിസർഗജമാണ്, സ്വസ്വരൂപം തന്നെയാണ്. ആനന്ദം ആത്മാവിന്റെ അന്തർഭാവമാണെന്നാണ് നിജശബ്ദം അറിയിക്കുന്നത്. ഭാവശുദ്ധിയിൽ പ്രതിബിംബം ബിംബത്തിലടങ്ങും പോലെ, സദ്ഭാവനയാൽ ആ വ്യാപനശീലത സ്വാത്മാനന്ദത്തിലടങ്ങുന്നു.

മഹാകാളകൂടം പേറുന്നതും അതിദൂരദൃഷ്ടിസഞ്ചാരമുള്ളതുമായ ഇരുതലമണിയൻപാമ്പിനോടാണ് വിപരീതഭാവനയെ ഉപമിച്ചിട്ടുള്ളത്. ഒരു വശത്തു മൂന്നുതലയും മറുവശത്തു രണ്ടുതലയുമായി അതുതന്നെ ബ്രഹ്മാണ്ഡമൂർത്തിയായി വിലസുന്നു. അതിന്റെ തലകൾ ഓരോന്നായി തിരഞ്ഞു പിടിച്ച് അരിഞ്ഞുതള്ളാതെ 'നിവൃത്തി'യില്ല. അങ്ങനെ, 'പ്രപഞ്ചം പ്രത്യക്ഷം, ബ്രഹ്മം അപ്രത്യക്ഷം' എന്ന ത്രിപുടീരൂപമായ വർത്തമാനാനുഭവം നല്കുന്ന വിപരീതഭാവനയാകുന്ന വിഷസർപ്പശിരസ്സ് പിൻവലിഞ്ഞും 'പ്രപഞ്ചം അപ്രത്യക്ഷം, ബ്രഹ്മം പ്രത്യക്ഷം' എന്ന വിവേകഭാവനയുടെ അമൃതകലശം തെളിഞ്ഞും നിറഞ്ഞും കേവലമായി വിലസുന്നതിന് ഒരു ശാസ്ത്രീയക്രമത്തെ അനുശീലിക്കേണ്ടതുണ്ട്. അവിടെയാണ് ഗുരൂപദേശമാകുന്ന ശ്രുതിസാരം അവശ്യമാകുന്നത്. ശ്രീശങ്കരന്റെ അരുമയെന്നറിയപ്പെടുന്ന മലയാളിയായ ശ്രീപദ്മപാദർ (640-700) ഉപദേശിച്ച പ്രതിബിംബവാദത്തെ പിൻപറ്റിയാണ് നിജാനന്ദവിലാസം രചിച്ചിട്ടുള്ളത്. ആയതിനാൽ, ശ്രീശങ്കരനോട് ഏറ്റവും നീതിപുലർത്തുന്ന വിവരണപ്രസ്ഥാനത്തിലാണ് ഈ ഗ്രന്ഥവും വരുന്നത്. ആ പ്രസ്ഥാനത്തിൽ പൊതുവെ കാണുന്നതു പോലെ, ഈ കൃതിയിലും ശ്രീസുരേശ്വരന്റെ ആഭാസവാദവും അവിടവിടെ തെളിയുന്നതു



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

കാണാം. ചട്ടമ്പിസ്വാമികൾ പരിഭാഷയ്ക്ക് സ്വീകരിച്ച എട്ടുനിരൂപണങ്ങളുടെ സാരം താഴെ നല്കാം.

## അവസ്ഥാത്രയശോധനസമ്പ്രദായനിരൂപണം

പരമഗതിക്ക് 'മനസ്സിലാവുന്ന' ലളിതമാർഗം ചോദിച്ച ശിഷ്യനെ മനസ്സിനെത്തന്നെ പിരിച്ചു കാട്ടിക്കൊടുത്തുകൊണ്ടു ഗുരു ഉപദേശം തുടങ്ങുന്നു. ജാഗ്രത്-സ്വപ്ന-സുഷുപ്തികളാകുന്ന അവസ്ഥാത്രയമാണു പ്രപഞ്ചം. അതിന്റെ ആധാരം ത്രിപുടീരൂപമായ മനസ്സും. എന്നാൽ, ആത്മാവിന്റെ അനുഭവക്ഷമതയുടെ നിഴലുകണക്കുള്ള സ്ഥൂലാംശമാണു ചേതനാചേതനലോകമായി രൂപാന്തരപ്പെടുന്ന ത്രിപുടി. അതുകൊണ്ട്, പിന്മടങ്ങേണ്ടതു ത്രിപുടിയാണ്. അതിൽത്തന്നെ, പ്രപഞ്ചത്തെ സത്യമാക്കിക്കാട്ടുന്ന അവസ്ഥാത്രയമാകുന്ന ത്രിപുടിയുടെ ബാഹ്യതമരൂപമാണ് ആദ്യം നീങ്ങേണ്ടത്. ചേതനാചേതന വിവേകത്തിനുള്ള ഭാവനയാണ് അതിനുപായം. അതാണിവിടത്തെ നിരൂപണവിഷയം. ഈ ഭാവനയിൽ ഭാവാഭാവരൂപമായ ജഡജഗത്തിനു പുറകിൽ അതിനെ നിലനിർത്തിപ്രകാശിപ്പിക്കുന്ന 'ചിദാഭാസ'നെന്ന ജീവനെയും ചിദാഭാസന് അധിഷ്ഠാനമായ കൂടസ്ഥനിത്യനായ 'ചിദാത്മാ'വിനെയും ദർശിക്കുന്നു. പിരിഞ്ഞഴിയില്ലെന്നു കനപ്പെട്ടിരിക്കുന്ന അജ്ഞാനത്തിന്റെ ത്രിപുടീഭാവത്തെ വിവേകഭാവന ഇപ്രകാരം പിരിച്ചുകളയുന്നു. അഗ്നി നീങ്ങിയ ചാമ്പൽക്കുന്നിൽ ജലകണമുണ്ടാക്കുന്ന ഈർപ്പം, വീണ്ടും അഗ്നിയുണ്ടാക്കുന്ന ജലാഭാവം തുടങ്ങിയ ദൃഷ്ടാന്തങ്ങളിലൂടെ ആത്മചൈതന്യം സ്ഥൂലത്തെ വിട്ടു സൂക്ഷ്മത്തിലേക്കു നീങ്ങുന്നത് ഗുരു കാട്ടിത്തരുന്നു. ഇങ്ങനെ, സ്ഥൂലം, സൂക്ഷ്മം, കാരണം എന്നീ ലോകങ്ങളായും ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥാനുഭവങ്ങളായും പ്രവർത്തിക്കുന്ന ത്രിപുടിയുടെ പിന്നിലെ വാസനാത്രയം ശിഷ്യന് അറ്റുപോകുന്നു; ഭാവാഭാവാത്മകവൃത്തികളില്ലാതെ സ്വപ്രകാശം വിളങ്ങുന്നു. ശാങ്കരമായ വിവരണപ്രസ്ഥാനത്തിനു പൂർവമീമാംസയുടെ പക്ഷത്തുനിന്നുള്ള പങ്കാളിയായ പ്രഭാകരഗുരു (520-600) അരുളിയ 'അഭാവരഹിതവും ഭാവപൂർണവുമായ സ്വപ്രകാശാനുഭൂതിയാണു ജ്ഞാനം' എന്ന സിദ്ധാന്തം ഈ ഭാഗത്തെല്ലാം വ്യക്തമാണ്. കർത്താവായ സുന്ദരസ്വാമികളുടെ ദാക്ഷിണാത്യതയാണിതിനു നിദാനം.

## ഗുണാധിക്യജന്യാരോപസൂക്ഷ്മനിരൂപണം

വിപരീതഭാവനയ്ക്ക് അദ്ധ്യാരോപം അഥവാ അദ്ധ്യാസം എന്നാണു ശാസ്ത്രം പേർ പറയുന്നത്. അതാണു പ്രപഞ്ചാനുഭവത്തിനു പിന്നിലുള്ളത്; വസ്തുവല്ല. വസ്തുവിന്മേൽ അവസ്തുവിനെ പ്രാമാണികമായി അനുഭവിപ്പിക്കുന്ന മാനസികവ്യാപാരമാണ്, വിപരീതഭാവനയാണ്, അധി-ആരോപം അഥവാ അധി-ആസം. അതുകൊണ്ടാണ് അതിനെ (അതു പ്രപഞ്ചരൂപമായിട്ടു കൂടി) മേല്പറഞ്ഞ പടി വസ്തുവായ ആത്മാവിൽനിന്നു പിരിച്ചുകറ്റാനാകുന്നത്. ആവട്ടെ, ആഭാസമായിട്ടെങ്കിലും പ്രപഞ്ചാദ്ധ്യാസം എന്തുകൊണ്ടു വരുന്നു? എന്ന ശങ്ക നീങ്ങുന്നതിനു പരമാത്മാവിലെ അദ്ധ്യാരോപത്തി



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

ന്റെ മൂലഘടകങ്ങളെ പരിശോധിക്കുകയാണ് വിവേകഭാവനയുടെ രണ്ടാം ഘട്ടത്തിൽ. സ്ഥൂല-സൂക്ഷ്മ-കാരണലോകങ്ങളായി നിലനില്ക്കുന്ന മൂന്നുവാസനകൾക്കും പിന്നിൽ പൊതുവായി പദാർഥരൂപമെന്ന മട്ടിൽ വിളങ്ങുന്ന സത്ത്വ-രജസ്-തമസ്സുകളാകുന്ന ത്രിഗുണങ്ങളെ ഇവിടെ പിരിച്ചുകറ്റി നിരൂപിക്കുന്നു. വൃത്തിരഹിതവും നിരാകാരവുമായ ആത്മാവെന്ന കൂടസ്ഥ(നിശ്ചല)ചൈതന്യം ബിംബസ്ഥാനത്തരുളുന്നു. വിവേകാഭാവത്തിൽ സാക്ഷിത്വം മറഞ്ഞു ചൈതന്യം അഹന്തയായി (അഹംകാരവും മമകാരവുമായി) പ്രതിബിംബിക്കുന്നു. അതിൽനിന്നു ത്രിഗുണാത്മകമായ വൃത്തിഭേദങ്ങളും അവ നിമിത്തം പ്രതിബിംബപരമ്പരകളും ഉദയംകൊള്ളുകയായി.

ഈ പ്രതിബിംബവ്യാപാരം സത്ത്വവൃത്തിയിൽ വിശേഷകൂടസ്ഥചൈതന്യമായ ജീവചൈതന്യം, രജോവൃത്തിയിൽ അഹംകാരചൈതന്യം, തമോവൃത്തിയിൽ വിഷയചൈതന്യം എന്നിങ്ങനെ മുപ്പിണിയായി ജീവരാശി കലർന്ന ബ്രഹ്മാണ്ഡരൂപം കൈക്കൊള്ളുന്നു. അഹന്ത തന്നെ മൂന്നുവിധം ഉപാധികളിലൂടെ ചൈതന്യത്തെ വ്യാപിക്കുന്നു. അതായത്, ബിംബപ്രതിബിംബഭാവേന ആത്മാവിൽ അഹന്ത കല്പിതമാകുന്നു; അഹവും അഹന്തയും മാത്രം, വേറെ പ്രപഞ്ചമില്ല. ഉപാധികളുടെ സ്ഥൂല-സൂക്ഷ്മ-കാരണഭേദം നിമിത്തം മൂന്നുതട്ടുള്ള ലോകവും വ്യവസ്ഥപ്പെടുന്നു. തന്നിൽ പ്രതിബിംബിച്ച ചൈതന്യത്തെ തെളിവായിക്കാണിക്കാത്ത സ്ഥൂലവ്യാപനം നിമിത്തം ചൈതന്യംതന്നെ ജഡലോകമായി പ്രതിഭാസിക്കുന്നു. ഒരു കയറിന്റെ മൂന്നുപിരികളെ വേർപെടുത്തി അതിനെ ദുർബലമാക്കുന്നതുപോലെ അഹന്തയുടെ വ്യാപാരഭേദമായ മൂന്നുഗുണങ്ങളെയും അവയുടെ ഏറിയും കുറഞ്ഞുമുള്ള വ്യാപാരത്തെയും ചൈതന്യത്തിൽനിന്നു വേർതിരിച്ചെടുക്കുന്ന വിവേകഭാവനകൊണ്ട് ആത്മവസ്തുവെപ്പോലെ മോഹിപ്പിക്കുന്ന അഹന്ത, വൃക്ഷത്തിൽ തോന്നിയ ബ്രഹ്മരക്ഷസ്സു കണക്കെ, മിഥ്യയെന്നു തിരിയുന്നു. സ്ഥൂലാദിവാസനകൾ ഗുണങ്ങളുടെ ചലനവിശേഷങ്ങളായും അവ വീണ്ടും ചൈതന്യത്തിൽ ദൃഗനുഭവം മാത്രമായ സാക്ഷിത്വമായും പിന്മടങ്ങുന്നു. ആകാരമാത്രാദിഭേദങ്ങളടങ്ങിയ ആനന്ദസാഗരം സാധകനുള്ളിൽ അലതല്ലിയുണരുന്നു.

**പരമേശജീവജഗദ്വിശേഷനിരൂപണം**

സുദുർലഭമായ ഈ മഹാഭാഗ്യോദയത്തിൽ, മറ്റൊന്നുമില്ല, പ്രപഞ്ചകോലാഹലമടങ്ങിയ സുധാസമുദ്രം കേവലസാക്ഷി! വാസനാബലം തീർത്തും മാറാത്തതിനാൽ ജ്ഞാനമാർഗത്തിന്റെ അനുസന്ധാനത്തോടൊപ്പം ബഹുഭേദങ്ങളുടെ മനനവും ശിഷ്യനു പഥ്യമായി തോന്നുന്നു. അതിനുവേണ്ടി, നിർഗുണബ്രഹ്മചൈതന്യം പ്രതിബിംബിക്കാനിടയാക്കുന്ന മായയെയും അത് ഈശൻ, അനീശൻ (ജീവൻ), പ്രപഞ്ചം എന്നിങ്ങനെ തീർക്കുന്ന സഗുണവിസ്താരത്തെയും ശാസ്ത്രപ്രകാരം വിശദമാക്കുന്നു. അന്തര്യാമി, ഹിരണ്യഗർഭൻ, വിരാഡ് തുടങ്ങി മാണ്ഡൂക്യോപനിഷത്തും മറ്റും അറിയിക്കുന്ന തത്ത്വങ്ങൾ ഇവിടെ ഗുരു ബോധപ്പെടുത്തുന്നു.

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN,
o=Personal,
email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

## മായാലക്ഷണനിരൂപണം

'ജഡാജഡമായ ജഗത്ത് സങ്കോചവികാസങ്ങളുള്ളതാണ്. അതിനു തനതുകാരണം വേണം' എന്നിങ്ങനെ സത്കാര്യവാദദൃഷ്ടിയിൽ സാധകനു ശങ്കയുണരുന്നു. മറുപടിയായി, അവ്യക്തമായ മായതന്നെ സർവകാര്യങ്ങളുടെയും കാരണം എന്ന മായാവാദം അവതരിപ്പിക്കുന്നു (എന്നാൽ, ഈ ഗ്രന്ഥത്തിലെവിടെയും വിവർതം എന്ന പദമുപയോഗിച്ചിട്ടില്ല). ചൈതന്യാംശമുള്ള ജഗത്തിനു മായ കാരണമാകുന്നതെങ്ങനെ? ഈശനു സ്വരൂപജ്ഞാനമായും ജീവന് അജ്ഞാനമായും മായ മാറുന്നു. അങ്ങനെ, മായ തന്നെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളടങ്ങിയ സമഷ്ടിജഗത്തും അജ്ഞാനം ജാഗ്രത്-സ്വപ്ന-സുഷുപ്തികളുള്ള വ്യഷ്ടിജഗത്തും ആകുന്നു. ഒരേ കുറ്റിയാണ് ഒരാൾക്ക് വൃക്ഷമായും മറ്റൊരാൾക്ക് കള്ളനായും തോന്നലുണ്ടാക്കുന്നതുപോലെയാണിത്. തുടർന്ന്, പ്രമാണജ്ഞാനം, ഭ്രാന്തിജ്ഞാനം എന്നിവ വിശദമായി നിരൂപിക്കുന്നു. ശ്രുതിപദ്ധതിയെ മുൻനിർത്തിയുള്ള ഈ പ്രബോധനത്താൽ മായവിലക്ഷണമായ ആത്മലാഭം ശിഷ്യനു കൈവരുന്നു.

## സദനുഭവനിരൂപണം

കഴിഞ്ഞ നാലുനിരൂപണങ്ങളാൽ ത്രിപുടീബാധയൊഴിഞ്ഞ ശിഷ്യനു വിഷയ-വിഷയീഭേദം കൂടാതെ തന്നെ പരമാത്മാവു വിഷയമാകുന്ന അനുഭൂതിക്കുള്ള പരവേശമായി. അതിനായി ഇനിയുള്ള മൂന്നുപ്രകരണങ്ങളിൽ, സ്വരൂപമായി ശേഷിക്കുന്ന സത്-ചിത്-ആനന്ദങ്ങളുടെ ക്രമികമായി അനുഭവത്തിനുള്ള വിവേകഭാവന നിർദ്ദേശിക്കുന്നു. ഭേദങ്ങൾ സദ്വസ്തുവിന്റെ വികാരങ്ങളാണെന്നും അവയുടെ പൊതുവിടമായ സത്ത നിർവികാരമാകാതെ തരമില്ലെന്നും ശിഷ്യൻ സന്മാത്രത ബോധിക്കുന്നു. ഭാവാഭാവങ്ങൾ രണ്ടും സന്മാത്രങ്ങൾ എന്ന ചിന്തയാണ് ഇവിടെ ഏറെ ശ്രദ്ധേയം. ഘടം പോലെ ഘടാഭാവവും ഭൂതലമെന്ന സത്തയല്ലാതെ മറ്റൊന്നുമല്ല എന്ന നിലപാട് പ്രഭാകരഗുരുവിന്റേതാണ്. വിവരണപ്രസ്ഥാനത്തെ മലയാളിയായ പ്രഭാകരഗുരു എത്ര ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട് എന്നതിന് ഇതൊരു തെളിവാകുന്നു. മറ്റൊന്നുള്ളതു നാദബ്രഹ്മം, അക്ഷരബ്രഹ്മം തുടങ്ങിയ ശാസ്ത്രവ്യവഹാരങ്ങൾ സന്മാത്രാനുഭവത്തിൽ എങ്ങനെ പൊരുത്തപ്പെടും എന്ന സമസ്യയുടെ പരിഹാരമാണ്. വർണസത്തയിൽ വർണവൈവിധ്യം അടങ്ങുന്നു എന്നതാണ് അവിടെ സന്മാത്രത. വർണഭേദവും തദ്വാരായുള്ള ശാസ്ത്രഭേദവും വർണസത്തയിൽ സമന്വയിക്കുന്നു. "ശബ്ദബ്രഹ്മം പരാ, പശ്യന്തി, മദ്ധ്യമാ, വൈഖരി എന്നിങ്ങനെ നാലുപിരിവോടുകൂടിയിരിക്കും. അവയിൽ പരാ എന്നതു ജ്ഞാനികളാലും, പശ്യന്തി കേവലം യോഗികളാലും, മദ്ധ്യമാധ്യാനശക്തിയോടുകൂടിയ ഉപാസകരാലും, വൈഖരി വേദശാസ്ത്രജ്ഞന്മാരാലും പണ്ഡിതന്മാരാലും അനുഭവിക്കത്തക്കത്. ഇവയിൽ മൂന്നുഭാഗവും അന്തർമുഖമായും വൈഖരിയെന്ന ഒരുഭാഗം ബഹിർമുഖമായും ഇരിക്കും. ആ വൈഖരിയായതു ബഹുവിധവേദശാസ്ത്രഭാഷാവിശേഷങ്ങളായി വികസിച്ചിരിക്കും" എന്നിങ്ങനെ ശബ്ദബ്രഹ്മവാദികളായ ഭർതൃഹരിയുടെയും മണ്ഡനമിശ്രന്റെയും ആശയങ്ങ



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

ളെ ഉൾച്ചേർക്കുന്നു. സർവാധിഷ്ഠാനമായ അക്ഷരബ്രഹ്മം സദ്രൂപമായ സ്വസത്തയെന്നു സമാധിബലത്തിൽ ശിഷ്യനു ബോധപ്പെടുന്നു. സത്ത്, സത്ത ഈ പദങ്ങൾക്കു വേറിട്ട നിർവചനം കാണാം.

### ചിദനുഭവനിരൂപണം

തുടർന്നു, ചിദനുഭവം പ്രാർഥിക്കുന്ന ശിഷ്യനോടു ഗന്ധം-പൃഥിവി തുടങ്ങിയ ഗുണ-ഗുണീഭേദത്തെ നിരസിച്ചുകൊണ്ടു സദനുഭൂതി ചിദനുഭൂതിയാകുന്ന പ്രകാരം വർണിക്കുന്നു. സദ്വസ്തുവിൽ 'ഇത്' എന്ന ഭാനം (അറിവ്) ആണു സത്തായത്. അപ്പോൾ ചിത്തല്ലാതെ സത്തില്ല. സദ്രൂപം ചിദ്രൂപം തന്നെ. പ്രത്യക്ഷാദിയിലും ഇതുതന്നെ നില – കണ്ണുകൊണ്ടുള്ള പ്രത്യക്ഷത്തിൽ 'ഇത്'-'ഇന്ന രൂപം' എന്ന ജ്ഞാനമാണു ഗുണിയും ഗുണവുമായ സത്തയായത്. ആയതിനാൽ അഖണ്ഡചിദ്രൂപഭാനത്തിനു പുറത്തുള്ളതെല്ലാം അവസ്തുവാകും; മുൻപു പറഞ്ഞ വിപരീതഭാവന മാത്രമാകും. വിപരീതഭാവന മറയുമ്പോഴോ? സർവവും ചിദ്രൂപം മാത്രം. ഇദംവൃത്തി (ഇത്-അത് എന്ന വസ്തുനിഷ്ഠബോധം) മുൻപു പറഞ്ഞ മട്ടിൽ ചിദ്രൂപമായി അഹംവൃത്തിയിൽ ഏകീഭവിക്കുകയാണ്. അപ്പോൾ കല്പനയുടെ ഉപകരണമായി പ്പറയുന്ന മനസ്സ് ഇവിടെ എന്തായിരിക്കും? ഇദംവൃത്തിയുടെ അഭാവമാണ് അഹംവൃത്തി; അതും ജഡമാണ്. സ്വപ്രകാശകമായ ചിദ്രൂപത്തിൽ ജഡത്വം ത്രികാലത്തിലും ശേഷിക്കില്ല. സ്വരൂപമറ്റു നശിക്കയല്ലാതെ മനസ്സിനു വേറെ മാർഗമില്ല – എട്ടാംനിരൂപണത്തിൽ ഇതു കൂടുതൽ വ്യക്തമാക്കും.

### ആനന്ദാനുഭവനിരൂപണം

ചിദ്-ജ്യോതി പ്രകാശിച്ച മുറയ്ക്ക് ആനന്ദാനുഭവത്തെ അപേക്ഷിക്കുകയായി ശിഷ്യൻ. 'ഇത്' എന്ന സത്ത് 'ഈ രൂപം' ഇത്യാദി ചിത്തിലൊതുങ്ങിയ പോലെ, ആ ജ്ഞാനത്തെത്തുടർന്നു വരുന്ന 'ഇതിഷ്ടം' എന്ന പ്രിയം ഒടുവിൽ ആനന്ദരൂപമായിടും. സത്തിനും ചിത്തിനുമുളവായതുപോലുള്ള ദ്വിത്വം ആനന്ദത്തിനുമുളവാകും – വിഷയാനന്ദം, ആത്മാനന്ദം എന്നിങ്ങനെ. സ്വർഗാദികളാകുന്ന ദൈവാനന്ദമായും ഭാര്യ, ധനം തുടങ്ങിയ മനുഷ്യാനന്ദമായും വിഷയാനന്ദം രണ്ടാകുന്നു. മുൻപ് അഹംവൃത്തി ആത്മാകാരമായി മാറിയ മുറയിൽ രണ്ടുതരം വിഷയാനന്ദങ്ങളും ആത്മാനന്ദമായി അറിയപ്പെടും. അതാണ് അപരോക്ഷാനുഭവം. ചിലതു ചിലർക്കു ചിലപ്പോൾ സുഖം, അവ തന്നെ മറ്റു ചിലപ്പോൾ ദുഃഖം എന്നു വരുന്നതിനാൽ വിഷയവസ്തുക്കളിൽ ആനന്ദം സഹജമല്ല. വിഷയമുണ്ടെങ്കിലും ഇല്ലെങ്കിലും സുഷുപ്തിയിലെന്നപോലെ മനുഷ്യർ ആനന്ദം അനുഭവിക്കാറുമുണ്ട്. അപ്പോൾ ആ ആനന്ദം ആത്മാവിൽനിന്നുതന്നെ ഉദയം കൊള്ളുന്നതായി അറിയണം. ഈ നിരൂപണത്തിൽ തൈത്തിരീയോപനിഷത്തിലെ പഞ്ചകോശസിദ്ധാന്തം, ആനന്ദമീമാംസ, ബ്രഹ്മസൂത്രത്തിലെ ആറാമത്തെ അധികരണമായ ആനന്ദമയാധികരണം ഇവയെ ആധാരമാക്കുന്നു. അന്നാദികോശങ്ങളെ ആനന്ദമയം ഉൾക്കൊണ്ടു വ്യാപിച്ചിരിക്കുമ്പോലെ സച്ചിത്തുകളെ ആനന്ദാത്മാവു വ്യാ

Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

പിച്ച് അവയുടെയും അധിഷ്ഠാനമാകുന്നു എന്ന നിരീക്ഷണം ശ്രദ്ധേയമാണ്. സത് (ആത്മസത്ത), ചിത് (ആത്മബോധം) എന്നിവയും ആത്മാനന്ദത്തിൽ അടങ്ങിക്കൊള്ളും. 'ആനന്ദം ബ്രഹ്മ' എന്ന പരമോപദേശം ഇങ്ങനെ അനുഭവത്തിലാകും. അവിവേകരൂപമായ വിഷയവും വിഷയസത്തയും വിഷയബോധവും വിഷയാനന്ദവും വിവേകഭാവനയാൽ ക്രമത്തിൽ ആത്മാവും ആത്മസത്തയും ആത്മബോധവും ആത്മാനന്ദവും ആയി അനുഭവത്തിലാകുന്നു. അപ്പുറത്തൊന്നുമില്ലാത്തതിനാൽ നിജാനന്ദാനുഭവം പരമമാകുന്നു; പകരമില്ലാത്തതിനാൽ ഏകമായ ശുദ്ധാദ്വൈതവും.

## മനോനാശമാർഗനിരൂപണം: ദേഹത്രയാദ്ധ്യാസനിവൃത്തി

ഈ ആനന്ദാനുഭവം അഥവാ അഭയബ്രഹ്മനില ഭാവനയുടെ സഹായമില്ലാതെ ഇടതടവില്ലാതെ അപരോക്ഷമായുളവാകണമെന്നു പ്രാർഥിക്കുന്ന ശിഷ്യനു മനോനാശത്തിന്റെ മുറ രണ്ട് ഉപപ്രകരണങ്ങളിലായി വിവരിക്കുന്നു. മഹാന്മാരും ഇതിന്നായി വിഷമിക്കുന്നു എന്നറിയണം. ആത്മവസ്തു തന്നെയായ ബ്രഹ്മചൈതന്യമെന്ന മഹാസമ്പത്തിനെ, ആനന്ദനിധിയെ, അനുഭവിക്കുന്നതിനു തടസ്സമാകുന്നത് അഹന്താവിഷം ചീറ്റുന്ന മുൻപു പറഞ്ഞ അഞ്ചുതലയുള്ള ഇരുതലമണിയനെപ്പോലുള്ള വിപരീതഭാവനയാണ്, മായയാകുന്ന മനസ്സാണ്. അതിന്റെ ഒരു കോടിയിലെ മൂന്നുതലകൾ ദേഹത്രയാദ്ധ്യാസമാണ്. മറുകോടിയിലെ രണ്ടുതലകൾ വിക്ഷേപശക്തിയും ആവരണശക്തിയുമാണ്.

'ദേഹാദ്ധ്യാസ'മാണു ജാഗ്രത്തിനെയും സ്ഥൂലപ്രപഞ്ചത്തെയും നിലനിർത്തുന്നത്. 'അഹമധ്യാസ'മാണ് സ്വപ്നത്തെയും അന്തഃകരണത്തെയും സൂക്ഷ്മലോകങ്ങളെയും പുലർത്തുന്നത്. 'ആത്മാദ്ധ്യാസ'മാണ് സുഷുപ്തിയെയും കാരണലോകങ്ങളെയും ഉളവാക്കുന്നത്. അതിസൂക്ഷ്മവിവേകമുള്ള അധികാരി ഉത്തരോത്തരം ദൃഢമാകുന്ന വിവേകഭാവനയാൽ ഈ മൂന്നു തലയും ക്രമത്തിൽ അരിഞ്ഞുതള്ളുന്നു. എന്നാൽ, മൂന്നാംതല തൊട്ടു മുഖ്യാധികാരിക്കേ പ്രാപ്തിയുള്ളൂ. ജാഗ്രത്തിനെ വിഷയീകരിക്കുന്ന ദൃക്ശക്തി അതിനെവിട്ടു സ്വപ്നത്തെയും സുഷുപ്തിയെയും ആത്മാവിനെയും തുടരെ വിഷയീകരിക്കുന്നതിലൂടെ ദേഹത്രയാദ്ധ്യാസം നിവൃത്തമാകുന്നതാണ്. ഇതാണു യോഗശാസ്ത്രത്തിൽ നാലംഗമുള്ള 'സമ്പ്രജ്ഞാതസമാധി'യെന്ന് ഉപദേശിച്ചിട്ടുള്ളത്.

## മനോനാശമാർഗനിരൂപണം: ആവരണവിക്ഷേപനിവൃത്തി

തുടർന്നു പ്രപഞ്ചമാകുന്ന വിഷംചീറ്റി നിജാനന്ദസ്വരൂപത്തെ മാറ്റിനിർത്തുന്ന അന്തഃകരണമായയുടെ വിക്ഷേപശക്തിയാകുന്ന നാലാംശിരസ്സു പിന്മടങ്ങുന്നു. ദൃക്ശക്തിയെ ജഡമെന്നാക്കിയും പ്രപഞ്ചവിക്ഷേപത്തെ ആത്മാവിൽനിന്ന് അന്യമല്ലെന്നാക്കിയും നിജാനന്ദത്തെ മറയ്ക്കുന്നു മായാമനസ്സിന്റെ ആവരണശക്തി. സുഷുപ്തി, മൂർച്ഛ, പ്രളയം മുതലായവയിലാണ് അതുനിഴലിക്കുന്നത് എന്നതിനാൽ അതിനെ വിവേകദൃഷ്ട്യാ പരിശോധി



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

ക്കുന്നതു വളരെ ശ്രമകരമാണ്. ചൈതന്യമൊഴികെ സർവവിഷയശൂന്യമായ ഇതിന് 'അസമ്പ്രജ്ഞാതസമാധി'യെന്നാണ യോഗശാസ്ത്രം നാമം നല്കിയിട്ടുള്ളത്. വിവേകം കാലതത്ത്വത്തെ ആത്യന്തികമായി ജയിക്കുമ്പോൾ ത്രിപുടിയൊഴിഞ്ഞു മനസ്സുനശിക്കുന്നു, പരിപൂർണനിജാനന്ദം ശേഷിക്കുന്നു.

**മനോനാശം അഥവാ ശുദ്ധാദ്വൈതഭാവന**

ഈ നാമത്തിൽ ചട്ടമ്പിസ്വാമികളുടെ ഒരു ഗ്രന്ഥത്തെ പരിചയപ്പെടുത്തിക്കൊണ്ടു പറവൂർ കെ ഗോപാലപിള്ള (1935-ൽ) ഏതാണ്ടു പതിനെട്ടോളം പുറത്തിൽ ഉദ്ധാരണം നല്കിക്കാണുന്നു. കേരളീയജനമിത്രത്തിൽ അച്ചടിച്ച രൂപത്തിലാണ പറവൂർ ഗോപാലപിള്ള ഉദ്ധരിച്ചിട്ടുള്ളത്. ഒടുവിൽ, "ഈ പ്രബന്ധം മുഴുവൻ കിട്ടിയിട്ടില്ല" എന്നൊരു കുറിപ്പും കാണാം. അതു നിജാനന്ദവിലാസത്തിലെ ഈ എട്ടാം നിരൂപണത്തിന്റെ സ്വതന്ത്രവിവർത്തനം തന്നെ എന്നാണ പരിശോധനയിൽ തെളിയുന്നത്. മൂലത്തിലെ ഗുരുശിഷ്യസംവാദരൂപത്തിലല്ലാതെ ചോദ്യോത്തരങ്ങൾ വിവരിച്ചു നീങ്ങുന്നതാണ ശൈലി. നിജാനന്ദവിലാസത്തിലെ ഏറ്റവും കാമ്പായ മനോനാശനിരൂപണത്തെ കൂടുതൽ തെളിച്ചെടുക്കാനാവണം സ്വാമികൾ ഇങ്ങനെ കൂടി ഒരു ശ്രമം ചെയ്തത് എന്നു കരുതാം. ഗ്രന്ഥം മുഴുവൻ സ്വന്തം ശൈലിയിൽ പുനരാവിഷ്കരിക്കാൻ ഉദ്ദേശിച്ചിരുന്നോ എന്നു വ്യക്തമല്ല. ഈ പരിഭാഷയുടെ മികവു കാട്ടുന്ന ചില ഭാഗങ്ങൾ താരതമ്യത്തിനു കാട്ടാം.

**നിജാനന്ദവിലാസം പരിഭാഷാമനോനാശം (ശുദ്ധാദ്വൈതഭാവന)**

ആത്മാവെന്നവൻ ചരാചരങ്ങളായ അനേകകോടി ബ്രഹ്മാണ്ഡമണ്ഡലങ്ങളെ തന്റെ വിസ്താരമായ വ്യാപകത്തിലുദിച്ച മനസ്സിന്റെ ഒരു അണുമാത്രമായ അംശത്തിൽ ഉണ്ടോ ഇല്ലയോ എന്ന സ്ഥിതിയിൽ അടക്കിവച്ച്, ആ മനസ്സിനെ, രജ്ജുവിൽ തോന്നിയ സർപ്പത്തെപ്പോലെ, തന്നിൽ തോന്നിച്ചും, തോന്നിക്കാതെയും പ്രകാശിച്ചുനില്ക്കും. ഈ മനസ്സാകട്ടെ ആത്മാവിന്റെ വിസ്തൃതമായിരിക്കുന്ന വ്യാപകത്തിലുദിച്ചതാണ്. ഇതു ചരാചരങ്ങളായ അനേകംകോടി ബ്രഹ്മാണ്ഡമണ്ഡലങ്ങളെ തന്റെ അണുമാത്രമായ ഒരംശത്തിൽ ഉണ്ടോ, ഇല്ലയോ എന്നുള്ള നിലയിൽ അടക്കിവച്ചുകൊണ്ടു രജ്ജുവിൽ തോന്നിയ സർപ്പമെന്നപോലെ, ആത്മാവിൽ തോന്നിച്ചും തോന്നിക്കാതെയും പ്രകാശിച്ചുനില്ക്കും.

ഒരു കാലത്തിൽ ഈ പ്രപഞ്ചങ്ങളെ ശൂന്യമായിക്കാണിച്ച്, മറ്റൊരു കാലത്തിൽ ഒരു തനുവിൽ നഖം മുതൽ ശിരസ്സു വരെ ഉദിച്ച സൂചികുത്തുവാൻ സ്ഥലമില്ലാത്ത വസൂരി ഉപദ്രവത്തെപ്പോലെ, അവിടെയും നാമരൂപങ്ങളെക്കൊണ്ടു പരിപൂർണ്ണമാക്കും. ഒരു സന്ദർഭത്തിൽ, ഇപ്രപഞ്ചങ്ങളെ ശൂന്യമായിക്കാട്ടി, മറ്റൊരു സന്ദർഭത്തിൽ, ഒരു ശരീരത്തിൽ നഖശിഖപര്യന്തം സൂചികുത്താനിടമില്ലാതെ പുറപ്പെട്ട മസൂരിയുപദ്രവത്തെപ്പോലെ എവിടെയും നാമരൂപങ്ങളായിട്ടു നിറയ്ക്കും.



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

ഈവിധമായ മനസ്സ് ആർക്കും വശമായി നശിച്ചതെന്നുള്ള വ്യവഹാരം ദുർലഭംതന്നെയാണെങ്കിലും അതിനെ ജയിച്ച് ആ ആനന്ദനിധിയെ തടവുകൂടാതെ ഭുജിക്കുമാറ് ഉപായം പറഞ്ഞുതരാം. ഇപ്രകാരമുള്ള ഈമനസ്സ് ആർക്കുംതന്നെ അധീനപ്പെട്ടു നശിച്ച എന്ന വ്യവഹാരം ദുർലഭം തന്നെയാണ്. എന്നു വരുകിലും അതിനെജയിച്ച ആയാനന്ദനിധിയെ നിരർഗളമായി അനുഭവിപ്പിക്കുമാറുള്ള ഉപായം പറയാം.

മനസ്സ് എന്നു പറയപ്പെട്ട നിർവികാരംപോലെയുള്ള കണക്കില്ലാത്ത വ്യാപകവൃത്തിയാകട്ടെ, ഇവകൾ ഏതുവിധം ഉണ്ടായി ശോഭിക്കുന്നു എന്ന വിവേകാനുഭൂതിയാൽ നോക്കുകിൽ, ഉള്ളംകൈയിലിരിക്കുന്ന കനിയെന്നപോലെ, നിസ്സംശയമായി ദ്രഷ്ടാവിന്റെ ജ്ഞാനദൃഷ്ടിയിൽ ദൃശ്യമായിനോക്കപ്പെട്ട്, മുൻപറഞ്ഞ ദൃഷ്ടാന്തപ്രകാരം ഈദ്രഷ്ടാവിന്റെ ജ്ഞാനദൃഷ്ടിയിലടങ്ങിയതും, ജഡമായും, സ്വപ്രകാശത്താൽ തോന്നി പ്രകാശിക്കുന്നതായും അനുഭവത്തിനുവരും. ഈ പ്രപഞ്ചം, തദാധാരമായ ആ സങ്കല്പം, അതിന്റെ ഉദയസ്ഥാനമായ കേവലം മനസ്സ് എന്നു പറയപ്പെട്ടതും നിർവികാരംപോലെ ഇരിക്കുന്നതും അളവുപെടാത്തതുമായ വ്യാപകവൃത്തി – ഇതുകൾ ഏതുപ്രകാരത്തിലുദിച്ച പ്രകാശിക്കുന്നു എന്നുള്ളതിനെ വിവേകാനുഭൂതിസഹിതം ചിന്തിക്കയെന്നാൽ ഉള്ളങ്കൈയിലിരിക്കുന്ന നെല്ലിക്കനിയെന്നപോലെ നിസ്സംശയമായി ദ്രഷ്ടാവിന്റെ ജ്ഞാനദൃഷ്ടിക്കു ദൃശ്യമായി കാണപ്പെട്ടു മുൻപറഞ്ഞ ദൃഷ്ടാന്തപ്രകാരം ഈ ദ്രഷ്ടാവിന്റെ ജ്ഞാനദൃഷ്ടിയിലടങ്ങിയതായും ജഡമായും തന്റെ പ്രകാശത്തിലുദിച്ചപ്രകാശിക്കുന്നതായും അനുഭവം സിദ്ധിക്കും.

അതും ഈഷദ്വികാസത്തോടു കൂടിയ ജ്ഞാനദൃഷ്ടിയുടെ ഉണർവുവഴിയേതന്നെയാണ്. ഇതിനെ പരിശോധിപ്പതു പരിപാകവും അതിസൂക്ഷ്മവിവേകവുമുള്ള അധികാരിയാൽ മാത്രം കഴിയും. ആയതുകൊണ്ടു അതിനെ കേട്ടാലും. അതും ഈഷദ്വികാസത്തോടു കൂടിയ ജ്ഞാനദൃഷ്ടിയുടെ ഉന്മീലനത്തെ (ഉണർവിനെ) പുരസ്കരിച്ചുകൊണ്ടു തന്നെയാണ്. ഇതിനെ ശോധന ചെയ്യുന്നതിലേക്കു പരിപക്വബുദ്ധിയും വിവേകിയുമായ മുഖ്യാധികാരിക്കു മാത്രമേ കഴിയൂ. ആകയാലതിനെ ഇവിടെ അറിയിക്കുന്നു.

മുഖ്യനിരൂപണം തീരുംമുറയ്ക്ക്, അനുബന്ധമെന്നോണം, മനോനാശത്തിനുള്ള ഹഠയോഗാദിയോഗമാർഗങ്ങളെക്കൂടി അധികാരിഭേദമനുസരിച്ച് ഉപദേശിക്കുന്നുണ്ട്. മനോനാശം തത്ത്വത്തിൽ അതികഠിനമാണെങ്കിലും, "ആ ശക്തികളെ ശ്രുതിയുക്ത്യനുഭവങ്ങളോടുകൂടിയ സദ്ഗുരുകൃപയാൽ വിവേകാനുഭൂതികൊണ്ടു നോക്കിയാൽ, സൂര്യസന്നിധിയിൽ ഹിമകണങ്ങളെന്നപോലെ, നീങ്ങിപ്പോകും." ഇവ്വിധം, കൂടസ്ഥചൈതന്യത്തിൽ ആവരണശക്തിയുടെ ഉദയാസ്തമയങ്ങളെ വർണിച്ച് അതിനപ്പുറം പ്രകാശിക്കുന്ന നിജാനന്ദസൂര്യനെ കാട്ടി പരിഭാഷാഗ്രന്ഥം പരിസമാപിക്കുന്നു –"താൻതന്നെ ത്രിവിധപരിച്ഛേദരഹിത-അസഹായശൂരനായ, സ്വയംപ്രകാശമഹത്ത്വമായ, സ്വയംപ്രഭ ആകയാൽ ഇപ്രകാരം പ്രകാശിക്കുന്ന നിനക്ക് ഇനി



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

എന്തൊന്ന് ഉപദേശിക്കുവാനരുളളത്, ഇപ്രകാരം അരുളിച്ചെയ്ത് രണ്ടുപേരും താനായി സ്വയംപ്രകാശമായി പ്രകാശിച്ചു." സധീരതയും ധീരതയും ഒത്ത ചേതന വീരസാധകനെക്കാത്ത വാൾത്തലപ്പിന്റെ സനാതനമായ ആ കാഠകപാഠം സത്യത്തിന്റെ അധികവിസ്താരമുള്ളതെങ്കിലും കാമനകളുടെ ഹ്രസ്വദൃഷ്ടികൾക്കു തിരക്കൊഴിഞ്ഞങ്ങനെ കിടക്കുന്നു.

നിജാനന്ദവിലാസത്തിന്റെ ആശയാനുവാദം കുമാരനാശാൻ ഇങ്ങനെ നിർത്തുന്നു–

സത്താസാമാന്യസാക്ഷാത്കരണസരണീസാന്ദ്രസൗഭാഗ്യമായി
ചിത്തായിച്ചേതനാചേതനജഡനിചയം ചെയ്തു ചൈതന്യമായി
മുത്തായ് മാണിക്യമായ് വന്മരതകമലയായ് മോഹികൾക്കും മുനിക്കും
സത്തായ് സാനന്ദതേജോമയമഹിതമതായ് നിന്നൊരൊന്നാണു
ദൈവം.

## നിഗമനങ്ങൾ, നിർദേശങ്ങൾ

പതിമൂന്നു നിരൂപണങ്ങളുള്ള തമിഴിലെ മൂലകൃതിയിൽനിന്ന് ആദ്യത്തെ എട്ടുനിരൂപണങ്ങളടങ്ങുന്ന പൂർവഭാഗം മാത്രമാണു ചട്ടമ്പിസ്വാമികൾ പരിഭാഷ ചെയ്തത്. തീർഥപാദപരമ്പരയിലെ അധ്യയനക്രമത്തിൽ വേദാധികാരനിരൂപണം, അദ്വൈതചിന്താപദ്ധതി ഇവയുടെ പൂരകമാണു നിജാനന്ദവിലാസം പൂർവഭാഗം. കൂടാതെ, തമിഴുവേദാന്തത്തിൽ കൈവല്യനവനീതത്തിനും തമിഴുസിദ്ധാന്തത്തിൽ ഒഴിവിലൊടുക്കത്തിനും ഒപ്പം മൂന്നാമത്തേതായ വേദാന്ത-സിദ്ധാന്തസമരസധാരയിൽനിന്നും തീർഥപാദപരമ്പരയ്ക്ക് ഉചിതമായി സ്വാമികൾ കണ്ടത് ഈ കൃതിയെയാണ്. അതുകൊണ്ടുതന്നെയാവണം, മലയാളപരിഭാഷ, സംസ്കൃതവിവർത്തനം, സ്വതന്ത്രവിവരണം എന്നീ മൂന്നുപ്രകാരത്തിൽ ഈ ഗ്രന്ഥത്തെ അവതരിപ്പിക്കുന്നതിനു സ്വാമികൾ ശ്രമിച്ചത്. മലയാളത്തിലെ പ്രസ്തുതപരിഭാഷയ്ക്കു പുറമെ സംസ്കൃതത്തിലും വിവർത്തനം തുടങ്ങിയിരുന്നു. എട്ടാമത്തേതും പരിഭാഷയിൽ ഒടുവിലത്തേതുമായ മനോനാശപ്രകരണത്തിന്റെ ഒരു സ്വതന്ത്രവിവരണം കൂടി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2011-ലെ വാഴൂർഗ്രന്ഥത്തിൽ എട്ടാംപ്രകരണം കാണുന്നില്ല. മറ്റിടങ്ങളിൽ അത് അച്ചടിച്ചുകാണുന്നതു വിഭാഗം തിരിക്കാതെയും തെറ്റായ ശീർഷകത്തിലുമാണ്. പിന്നെ, പ്രകരണമെന്ന തിരിവിനു പകരം മൂലത്തിലെ നിരൂപണമാണു കൂടുതൽ യോഗ്യം എന്നു തോന്നുന്നു. ഇവയെല്ലാം ചേർത്തു തുലനം ചെയ്തും തീർഥപാദപരമ്പരയിലെ പ്രാധാന്യം കണക്കിലെടുത്തും നിജാനന്ദവിലാസത്തിന്റെ പാഠസംസ്കരണം ചെയ്യേണ്ടതുണ്ട്. സാഹിത്യദൃഷ്ടിയിൽ, 'വിലാസം' എന്ന കൂടുതൽ ഗവേഷണമർഹിക്കുന്ന കാവ്യശാഖയിലാണ് ഈ ഗ്രന്ഥം വരുന്നത്. വേദാന്തത്തിൽ വിവരണമാർഗത്തെയും സിദ്ധാന്തത്തിൽ ശ്രൗതശൈവത്തെയും മീമാംസയിൽ പ്രാഭാകരത്തെയുമാണ് ഈ കൃതി പ്രായേണ പിൻപറ്റുന്നത്. മായാവാദസരണിയിൽ ആഭാസം, ഭാനം തുടങ്ങിയ വാക്കുകളുപയോഗിക്കുമ്പോഴും വിവർതം എന്ന പദം പ്രയോഗിച്ചുകാണുന്നില്ല. ആയതിനാൽ,



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

അപവാദപ്രക്രിയയും വിവേകഭാവനയും യോഗ-സമാധിചര്യയും മുൻനിർത്തി നല്കുന്ന ശുദ്ധാദ്വൈതത്തെയാണ് ഈ ഗ്രന്ഥം പാലിച്ചുകാണുന്നത്. അൻപതുതവണയോളം വിവർത്തപദമുപയോഗിക്കുന്ന അദ്വൈതചിന്താപദ്ധതിയിലും ഒടുവിൽ വിവർത്തത്തെ നിരസിക്കുകയാണല്ലോ. യോഗ-വേദാന്തമേളനമായ തീർഥപാദപരമ്പരയിൽ നിജാനന്ദവിലാസം ശ്രദ്ധേയമായ ഇടം നേടിയതും അതിലെ ശുദ്ധാദ്വൈതഭാവനകൊണ്ടാവണം.

## കുറിപ്പുകൾ

1. തത്പ്രകൃതവചനേ മയട് (പാണിനി 5.4.21) എന്നിടത്ത് 'പ്രാചുര്യേണ പ്രസ്തുതം' എന്ന പ്രകൃതശബ്ദം; അധികരണാർഥത്തിൽ 'വചന'ത്തിലെ ല്യുട്പ്രത്യയം. ശിവൻ നിറഞ്ഞ, ഈശ്വരീയമായ നിറവുള്ള എന്ന് ശിവമയത്തിന്റെ പൊരുൾ.
2. ചിദംബരം രാമലിംഗവള്ളലാറുടെ 1872-ലെ സത്യജ്ഞാനസഭയാകണം മാർഗദർശകം. ഈ മഹാത്മാർ പരസ്പരം ബന്ധപ്പെട്ടിരുന്നു.
3. ശംഭുകവിയുടെ സംസ്കൃതരചനയാണ് മൂലമെന്ന് ഒരു പക്ഷം.
   ശിവമയം എന്ന മുദ്ര ചട്ടമ്പിസ്വാമികളുടെ എഴുത്തുകളിലും രചനകളിലും ദൃശ്യമാണ്.
4. ഇതിന്റെ കാലം 1978, 1980, 1986 ഇങ്ങനെ പലതായി പറഞ്ഞു കാണുന്നു.
   Śivādvaita of Srikanṭa – S S Sūryanārāyaṇa Śāstrī, Madras 1930, pp 8-9
   സൂത്രം 2.2.38
5. ശ്രീശങ്കരനും അദ്ദേഹത്തിന്റെ പരമ്പരയും പലരും കരുതുംപോലെ ശൈവമല്ല; മറിച്ച് വൈഷ്ണവമാണ്. ശൈവധാരയുടെ കടന്നുകയറ്റം മഠങ്ങളിൽ ഉണ്ടായതു പിന്നീടാണ്. ആധുനികഗവേഷണത്തിൽ, ഏഴാംനൂറ്റാണ്ടാണ ശ്രീശങ്കരന്റെ കാലം (ഉ. 620-670). ജെ എഫ് ഫ്ലീറ്റ്, ടി ആർ ചിന്താമണി തുടങ്ങിയവർ നല്കുന്ന ബാഹ്യാന്തരത്തെളിവുകൾ ശ്രീശങ്കരന് ഏഴാം നൂറ്റാണ്ടിനപ്പുറത്തേക്ക് ഒരു തീയതി കല്പിക്കുന്നതിനു സമ്മതിക്കുന്നില്ല.
6. തിരുജ്ഞാനസംബന്ധരുടെ ശിഷ്യൻ എന്നു കാണുന്നതു പ്രമാദമാണ്. സുന്ദരസ്വാമികളുടെ ശിഷ്യനായ ശിവാനന്ദഗുരുവും അപ്പയ്യരുടെ വംശജൻ തന്നെ.
   സമകാലഗവേഷണത്തെ അനുസരിച്ചുള്ള തീയതികളാണ് മിക്കവാറും നല്കിയിരിക്കുന്നത്.
7. നോട്ട് 8 കാണുക
8. ചട്ടമ്പിസ്വാമിതിരുവടികൾ, പറവൂർ കെ ഗോപാലപിള്ള, തൃശ്ശൂർ, 1935 (sreyas.in)
9. ഉപാസ്തി = ഉപാസന
   അധ്യായത്തിന് പ്രകരണം എന്ന പേര് സ്വാമികൾ തന്നെ നല്കിയിട്ടുണ്ടോ എന്നറിയില്ല. ആഗമവഴിയിൽ നിരൂപണം എന്ന വാക്കിനു പ്രത്യേകം പ്രസക്തിയുള്ളതായിത്തോന്നുന്നു. ഭാവനയാണ്, നിരൂപിക്കലാണുതാനും ഗ്രന്ഥപ്രതിപാദ്യം.
10. http://vellalastars.blogspot.com
11. അഗസ്ത്യർ എന്ന തൂലികാനാമത്തിലെഴുതിയ തമിഴകം എന്ന പ്രബന്ധം കാണുക.
12. മറൈമലൈ അടികൾ (1876-1950) വഴി അത് ഇന്നത്തെ തമിഴ്ദേശീയവാദമായി വളർന്നു.
13. മഹർഷി ശ്രീവിദ്യാധിരാജ തീർഥപാദ എന്ന ഹിന്ദീജീവചരിത്രം, 1983, പു. 150-52



Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G

14. മിഥ്യയുടെ ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്ന അവസ്ഥാഭേദങ്ങളും അവ കല്പിക്കുന്ന വസ്തുഭേദങ്ങളും ഉൾച്ചേർന്ന കൃത്രിമാനുഭവമാണ് ത്രിപുടി. ഭോഗം, ഭോഗ്യം, ഭോക്താവ് അഥവാ ജ്ഞാനം, ജ്ഞേയം, ജ്ഞാതാവ് എന്ന ത്രിപുടങ്ങൾ (മൂന്നംഗങ്ങൾ) അതിലുണ്ട്.

15. ആനന്ദാനുഭവാചാര്യൻ (1120-1200) ന്യായരത്നദീപാവലിയിൽ പ്രഭാകരഗുരുവിനെ ശാങ്കരപക്ഷത്തെ പൂർവസൂരിയും ഏകദണ്ഡിസംന്യാസിയുമായി ആദരിക്കുന്നു.

16. മൂലാവിദ്യ മൂലചൈതന്യത്തെത്തന്നെ ആശ്രയിക്കുന്നുവെന്ന് വിവരണപ്രസ്ഥാനം. ജീവനെ ആശ്രയിക്കുന്നുവെന്ന് ഭാമതീപ്രസ്ഥാനം.

17. വാസ്തവത്തിൽ, പ്രഭാകരഗുരുവും ശ്രീശങ്കരനും സ്ഫോടവാദത്തെ നിരാകരിച്ചവരാണ്. പുറം 300-318

18. ഉത്തിഷ്ഠത ജാഗ്രത ...ക്ഷുരസ്യ ധാരാ നിശിതാ ദുരത്യയാ ദുർഗം പഥസ്തത് കവയോ വദന്തി- കഠോപനിഷത്ത് 1.3.14

## സഹായകഗ്രന്ഥങ്ങൾ


1. കവിദീപൻ ആറന്മുള എം കെ നാരായണപിള്ള, സദ്ഗുരുസർവസ്വം (പ്രൊഫ. ബാലരാമപ്പണിക്കരുടെ വ്യാഖ്യാനം), തിരുവനന്തപുരം (sreyas.in)
2. കറിശ്ശേരി ഗോപാലപിള്ള, ശ്രീവിദ്യാധിരാജൻ, പന്മന, 1948/1985 (sreyas.in)
3. ഡോ. എൻ ചന്ദ്രശേഖരൻനായർ, മഹർഷി ശ്രീവിദ്യാധിരാജ തീർഥപാദ (ഹിന്ദീജീവചരിത്രം), തിരുവനന്തപുരം, 1983 (sreyas.in)
4. പറവൂർ കെ ഗോപാലപിള്ള, ചട്ടമ്പിസ്വാമിതിരുവടികൾ, തൃശ്ശൂർ, 1935 (sreyas.in)
5. ശ്രീസുന്ദരസ്വാമികൾ, നിജാനന്തവിലാചം (തമിഴ്), തിരുനെൽവേലി, 1879
6. സ്വാമി പ്രജ്ഞാനാനന്ദ, ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, 2011
7. J N Farquhar, An outline of the religious literature of India, London, 1920
8. R Raman Nair, L Sulochana Devi, Chattampi Swami: An Intellectual Biography, Centre for South Indian Studies, Trivandrum, 2010
9. Śivādvaita of Srikaṇṭa - S S Sūryanārāyaṇa Śāstri, Madras, 1930




Digitally signed by Sanal Kumar M G
DN: cn=Sanal Kumar M G, c=IN, o=Personal, email=mgsanalkumar@gmail.com
Date: 2024.09.03 14:44:47 +05'30'
Sanal Kumar M G